

No. 182

JANUARY 2004

# KERALA PRIVATE COLLEGE TEACHER



## IN FOCUS:
## PRIVATIZATION OF PUBLIC ASSETS IN HIGHER EDUCATION



THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

KERALA PRIVATE
COLLEGE TEACHER

MONTHLY
JOURNAL OF
THE AKPCTA

No. 182 JANUARY 2004

**EDITORIAL BOARD**

*Chief Editor*
Dr. S. JAYARAJ KUMAR

*Managing Editor*
V.JAYAKUMAR

*Assistant Editor*
Dr. G.S. SURESH

*Members*
Thomas Joseph
A. Prathapachandran Nair
P. Reghunath
M.P. Vijayalekshmi
K. Sasidharan
T.N.Manoharan
Dr. R.B.Rajalekshmi
J. Raju
M.Shahul Hameed
M.S.Vasanthakumar
Dr. C.R.Prasad
Mathew J.Muttath
K.S.Pavithran
N.Rajan
Soman Nadar
Dr. T.A.Sudhakarakurup

No.
# 182

inside


## In Focus

**Privatization of Public Assets in Higher Education**
Dr. Rajan Varghese

•

ഒരു തെരുവോര കവിയരങ്ങ്
**പയ്യപ്പിള്ളി ബാലൻ**

•

പിരിച്ചുവിടൽ : പോളിൽനിന്നും മുണ്ടശ്ശേരിയിലേക്ക്
**പ്രൊഫ. വി. എൻ. മുരളി**

•

മിഡിൽ ഈസ്ററിലെ പ്രകമ്പനങ്ങൾ
**എം. എസ്. വസന്തകുമാർ**

- Editorial
- Economic Focus
- ശാസ്ത്രജാലകം
- സർവ്വീസ് പംക്തി
- സർക്കാർ ഉത്തരവുകൾ


visit www.akpcta.org

വായനക്കാർക്ക് പുതുവത്സര ആശംസകൾ

## എഡിറ്റോറിയൽ

# സാങ്കേതികവിദ്യാഭ്യാസം കേരളാ മോഡൽ

കേരളത്തിലെ വിദ്യാഭ്യാസമേഖല വിവിധ സർക്കാരുകളുടെ കീഴിൽ ഇന്നോളം ആർജിച്ചിട്ടുള്ള എല്ലാ നേട്ടങ്ങളും പുരോഗതിയും അട്ടിമറിക്കുന്നതിനും, ഈ മേഖലയെത്തന്നെ മുച്ചൂടും നശിപ്പിക്കുന്നതിനും ആരോടോ അച്ചാരം വാങ്ങിക്കൊണ്ടാണ് ശ്രീമാൻ എ.കെ. ആന്റണിയും അദ്ദേഹം നേതൃത്വം നൽകുന്ന മന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രി ശ്രീ.നാലകത്തു സൂപ്പിയും ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന സംശയം ബലപ്പെടുത്തുന്നതാണ് അവരുടെ സമീപകാല നടപടികൾ. അധികാരമേററ നാൾ മുതൽ യു.ഡി. എഫ് ഗവൺമെന്റ് ഇവിടത്തെ വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നയപരിപാടികൾ എന്തൊക്കെയെന്നു വിശദീകരിക്കുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. മൂന്നു വർഷത്തോളം പ്രായമായ ഇപ്പോഴത്തെ ഭരണം നമ്മുടെ വിദ്യാഭ്യാസമേഖലയെ നാലുപതിററാണ്ട് പിന്നോട്ടടിക്കുവാനുള്ള തീവ്രശ്രമത്തിലാണ് ഏർപ്പെട്ടിരിക്കുന്നതെന്ന് ഈ മേഖലയെ ഗൗരവപൂർവ്വം വീക്ഷിക്കുന്ന ആർക്കും മനസ്സിലാകും. '**In the soup**' എന്ന പ്രയോഗത്തിന് കുഴപ്പത്തിൽ എന്നാണർത്ഥം. നമ്മുടെ വിദ്യാഭ്യാസമന്ത്രി സൂപ്പി വിദ്യാഭ്യാസ മേഖലയെ സൂപ്പി **(soup)**ലാക്കിയെന്നു പറയാതെ വയ്യ, വല്ലാത്ത കുഴപ്പത്തിലാക്കിയെന്ന് അദ്ദേഹത്തിന്റെ കക്ഷിക്കാർക്കുപോലും പറയേണ്ടിവന്നിരിക്കുന്നു!

മുൻ എൽ.ഡി. എഫ്. സർക്കാർ പ്രീ-ഡിഗ്രി നിർത്തലാക്കി +2 കോഴ്സ് ആരംഭിച്ചപ്പോൾ പുതിയ സ്കൂളുകളും കോഴ്സുകളും അനുവദിക്കുന്നതിൽ അഴിമതി കാട്ടിയെന്നു പറഞ്ഞ് കോലാഹലമുണ്ടാക്കിയവരാണ് ഇന്നത്തെ ഭരണക്കാർ. ഇവരെ അധികാരത്തിലേററിയതിന് പ്രത്യുപകാരമായി ജാതി,മത ശക്തികൾക്കും 'മ' (മദ്യം, മത്സ്യം, മരം) വ്യവസായികൾക്കും ഇവർ സ്കൂളുകളും കോഴ്സുകളും വാരിക്കോരി കൊടുക്കാൻ തീരുമാനിച്ചതും, ബഹു. കേരള ഹൈക്കോടതി ഇടപെട്ട് ഇവരെ അതിൽ നിന്ന് പിന്തിരിപ്പിച്ചതും വളരെ പഴയ കാര്യങ്ങളല്ല. കേരളീയ സമൂഹത്തിന്റെ വ്യത്യസ്തമേഖലകളിൽ നിന്നും യു.ഡി. എഫ്. സർക്കാരിനെ താലോലിക്കുകയും, തലോടുകയും ചെയ്യുന്ന മാധ്യമങ്ങളിൽ നിന്നുപോലും ഉണ്ടായ പ്രതിഷേധങ്ങളുടെയും, വിമർശനങ്ങളുടെയും പ്രതികൂലപ്രതികരണങ്ങളുടെയും പശ്ചാത്തലത്തിലാണ് കോടതിയിടപെടൽ ഉണ്ടായത്.

എന്നാൽ ഇതിൽ നിന്നൊന്നും യു.ഡി.എഫ്. സർക്കാർ ഒരു പാഠവും പഠിച്ചിട്ടില്ല എന്നതിന്റെ ഏററവും ഒടുവിലത്തെ തെളിവാണ് 96 ബി. എഡ്.കോളജുകൾ തുടങ്ങുന്നതിന് എൻ.ഒ.സി.നൽകുവാനുള്ള സർക്കാർ തീരുമാനം ബഹു.കേരള ഹൈക്കോടതി സ്ററേ ചെയ്ത നടപടി. 2003 ഏപ്രിൽ മാസം ഡിവിഷൻ ബഞ്ചു പുറപ്പെടുവിച്ച ഉത്തരവിന്റെ (അപേക്ഷിച്ചവർക്കെല്ലാം ബി.എഡ്. കോളജുകൾ അനുവദിക്കാനുള്ള സർക്കാർ നീക്കത്തിനെതിരെ) അടി

സ്ഥാനത്തിൽ വിദഗ്ധ സമിതി നിർദ്ദേശിച്ച 75 കോളജുകൾക്ക് അനുമതി നൽകുവാനാണ് മന്ത്രിസഭ തീരുമാനിച്ചത്. എന്നാൽ ലിസ്റ്റ് പുറത്തുവന്നപ്പോൾ പുതിയ കോളജുകളുടെ എണ്ണം 96 ആയി! ഇതെന്തൊരു മറിമായം! വിദഗ്ധ സമിതിയുമായി ആലോചിച്ച് 5 കോളജുകൾക്കുകൂടി അനുവാദം നൽകാമെന്ന് 'ധാരണ' മന്ത്രിസഭാ യോഗത്തിനുശേഷം ഉണ്ടായി എന്ന് ഒരു ചോദ്യത്തിനു മറുപടിയായി മുഖ്യമന്ത്രി പറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. അതുകൂടി ചേർത്താലും മൊത്തം 80 കോളജുകൾ. പിന്നെയുമുണ്ടല്ലോ 16! തന്നെ അലോസരപ്പെടുത്തുന്ന ചോദ്യങ്ങൾ ഉയരുമ്പോൾ മൗനത്തിന്റെ വാൽമീകത്തിൽ ഒളിക്കുന്നതും 'അരിയെത്ര' എന്നു ചോദിക്കുമ്പോൾ 'പയറഞ്ഞാഴി' എന്ന മട്ടിൽ മറുപടി പറഞ്ഞ് ഉരുണ്ടുകളിക്കുന്നതും ശീലമാക്കിയിട്ടുള്ള നമ്മുടെ മുഖ്യമന്ത്രിക്ക് ബി. എഡ്.കോളജ് പ്രശ്നത്തിൽ മേൽ സൂചിപ്പിച്ചതുപോലെ പ്രതികരിക്കേണ്ടിവന്നു!

+2 സ്കൂളുകളും കോഴ്സുകളും ചോദിച്ചവർക്കെല്ലാം കൊടുക്കാൻ തീരുമാനിച്ചപ്പോളെന്നപോലെ, ഈ പ്രശ്നത്തിലും ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ വ്യത്യസ്ത കേന്ദ്രങ്ങളിൽനിന്ന് ശക്തമായ വിമർശനവും പ്രതിഷേധവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. വകുപ്പുമന്ത്രിയുടെ സഹോദരനും, അദ്ദേഹത്തിന്റെ പാർട്ടിയുടെ ഒരു നേതാവും, വ്യവസായികളുമൊക്കെ സർക്കാർ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടുന്നു! നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ഓരോ വർഷവും കൂടുതലായി എത്ര അദ്ധ്യാപകർ വേണ്ടി വരും, അവരെ സജ്ജരാക്കുന്നതിന് എത്ര കോളജുകൾ വേണ്ടിവരും, ഇപ്പോഴുള്ള കോളേജുകളിൽ പഠനം പൂർത്തിയാക്കി പുറത്തുവരുന്നവരുടെ ജോലി ലഭ്യത എന്നിവയെ സംബന്ധിച്ച് വിശദമായ പഠനവും വിലയിരുത്തലുകളും നടത്തിയശേഷം പുതിയ കോളജുകൾ തുടങ്ങുന്നതു സംബന്ധിച്ച തീരുമാനം എടുക്കുന്നതിനല്ല മന്ത്രിയും അദ്ദേഹത്തിന്റെ വകുപ്പിലെ ഉദ്യോഗസ്ഥരും ശ്രമിച്ചത്. കേരളത്തിലേക്കു മാത്രമല്ല, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലേക്കും, വേണ്ടിവന്നാൽ, ഇന്ത്യയ്ക്കു പുറത്തുള്ള രാജ്യങ്ങളിലേക്കും അദ്ധ്യാപകരെ ഉൽപാദിപ്പിച്ച് എത്തിച്ചു കൊടുക്കുവാൻ ശേഷിയുള്ള ഒരു വൻകിട വ്യവസായം വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായല്ലേ 96 പുതിയ ബി. എഡ്.കോളജുകൾ അനുവദിക്കുവാൻ മന്ത്രി തീരുമാനിച്ചത് എന്ന് ആരുകണ്ടു! ശ്രീമാൻ എ.കെ. ആന്റണിക്കും അദ്ദേഹം നേതൃത്വം നൽകുന്ന യു.ഡി. എഫിനും ഇപ്പോഴത്തെ കാലാവധി കഴിഞ്ഞ് ഒരു ടേംകൂടി ഭരിക്കാൻ അവസരം നൽകിയാൽ അമേരിക്ക, ബ്രിട്ടൻ, ജർമ്മനി, ഫ്രാൻസ്, ജപ്പാൻ എന്നു തുടങ്ങി എല്ലാ ലോകരാജ്യങ്ങളിലേക്കും എഞ്ചിനീയർമാരെയും, സാങ്കേതിക വിദഗ്ധരെയും, ഡോക്ടർമാരെയും മൊത്തമായും ചില്ലറയായും ആവശ്യാനുസരണം എത്തിച്ചു കൊടുക്കാൻ (supply) കെൽപ്പുള്ള ഒരു വ്യവസായ ഭീമനായി നമ്മുടെ സാങ്കേതിക വിദ്യാഭ്യാസമേഖല വളരില്ലെന്ന് ആർക്കെങ്കിലും പറയാൻ പററുമോ? അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകിക്കൊണ്ടിരുന്ന കോടികൾ ഇപ്പോൾ സംസ്ഥാനത്തിനുള്ളിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പുകാരായ മത, ജാതി മുതലാളിമാരുടെയും 'മ' വ്യവസായികളുടെയും കീശകളിലേക്ക് ഒഴുകിക്കൊണ്ടിരിക്കുകയല്ലേ? ഇതല്ലേ യഥാർത്ഥ "വികസനം"?

സാങ്കേതിക വിദ്യാഭ്യാസം ചെലവേറിയതാണ്. സാങ്കേതിക വിദ്യാഭ്യാസമേഖല ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏററം പ്രധാനപ്പെട്ട മേഖലയാണ്. അതുകൊണ്ടുതന്നെ ഏററവും സമർത്ഥരായ ബുദ്ധിയും കഴിവുമുള്ള വിദ്യാർത്ഥികളെയാണ് (Cream of student community) ആ മേഖലയ്ക്കാവശ്യം, സാങ്കേതിക വിദ്യാഭ്യാസം സാർവത്രികമായി, എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കേണ്ടതോ, ലഭ്യമാക്കപ്പെടേണ്ടതോ അല്ല. വികസിതവും അവികസിതവുമായ ലോകരാജ്യങ്ങളിലെ ഭരണകൂടങ്ങളെല്ലാം, സാങ്കേതിക വിദ്യാഭ്യാസത്തിനു കൽപ്പിച്ചിരിക്കുന്ന പ്രാധാന്യവും അതിനു നൽകുന്ന മുൻഗണനയും ഇതിന്റെ അടിസ്ഥാനത്തിലാണ്. കേരളത്തിലെ മുൻഭരണാധികാരികൾക്കൊക്കെ ഈ യാഥാർത്ഥ്യങ്ങൾ അംഗീകരിക്കാനുള്ള വിവരവും വിവേകവുമുണ്ടായിരുന്നു. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാർ-സ്വകാര്യ പരിഗണനകളുടെയും വ്യത്യാസങ്ങളുടെയും വേലിക്കെട്ടുകൾ പൊളിച്ചിരിക്കുന്നു എന്നു പറയുന്ന മുഖ്യമന്ത്രിയും കൂട്ടരും ഒരു പുണ്യപ്രവൃത്തിയാണ് ചെയ്തതെന്ന് മേനി നടിക്കുന്നു. കേരളീയ സമൂഹത്തിന് അങ്ങേയററം ദ്രോഹകരമായ മഹാപാതകമാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത് എന്ന തിരിച്ചറിവ് വ്യാപകമാകേണ്ടിയിരിക്കുന്നു.

ബി. എഡ്.കോളജുകളുടെ കാര്യത്തിൽ സർക്കാർ അനുവർത്തിച്ചിട്ടുള്ളതും മേൽസൂചിപ്പിച്ചിട്ടുള്ള നയം തന്നെയാണ്. പ്രാഥമിക വിദ്യാലയങ്ങളെല്ലാം അടച്ചുപൂട്ടുവാനും അവിടങ്ങളിലെല്ലാം ഐ.ററി.കൃഷി ആരംഭിക്കുവാനും ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ പ്രാവീണ്യം നേടിയ മഹാപ്രതിഭകൾ ഉൾപ്പെടുന്ന കേരള മന്ത്രിസഭ തീരുമാനിച്ചുകൂടെന്നില്ല!

# Privatization of Public Assets in Higher Education

Dr. Rajan Varghese
*Academic committee Convenor, AKPCTA*

The private aided collages are really public wealth. They are held by nominal owners. The real owners of these institutions are the public or the society at large. Greater social control and growth of these public funded centers of higher learning are needed to sustain the achievements of Kerala in higher education.

Ever since education came to be imparted in a well organized fashion, schools and colleges were established in India both under public and private auspices. Their relative shares have varied from state to state . In Kerala, private sector has been playing a dominant role in all layers of education in the state. This has been mostly in the form of a public private partnership. But of late, education sector especially the higher education sector is undergoing a transformation in its structure, ownership and management. Here, an attempt is made to analyse this changing character of private aided colleges in the state.

## Expansion of Higher Education in Kerala.

There has been considerable increase in the number of higher educational institutions and enrolment of students. Kerala pursued a liberal higher education policy from 1956 through the mid eighties in terms of quantitative expansion and access to higher education. At present, Kerala has seven universities (excluding two deemed universities) which constituted 2.7 percent of 297 universities in India. There are 224 Arts and Science colleges of which 38 are govt. colleges, 148 private aided colleges and 38 private unaided colleges. The number of engineering colleges rose to 78 in 2003 - 04 out of this 78 engineering colleges (excluding REC, Kozhikode & CUSAT) 9 are government colleges, 3 private aided colleges and 66 self financing engineering colleges.

There were 1.61 lakh students in Arts and Science colleges (excluding students in unaided college) in the state in 2002.

There is a general impression that higher education in Kerala is already over expended. But this is not true. The percentage of population in higher education in the relevant age group is slightly higher (7.4%) as compared with the national average (6%). On the other hand, Kerala's higher education system has not expanded as much as one expects in a state where elementary education is nearly universal and secondary education has expanded reasonably well.

## College Education Scene in Kerala

The college education scene in Kerala is characterized by four important features.

1. The role of the govt. in College education is limited as govt. college, are a small number - 38 at of 224 (in 2002 hardly 17 percent).
2. A dominance of the private sector with more than 66 percent of the colleges being run by private management, most of which are financed by the state, they being aided private colleges - 148 of 224 (in 2002)
3. Growth of self- financing or private unaided colleges. There are 38 such Arts & Science Colleges (in 2002) which equals the number of govt. colleges (17%) in the state.
4. The emergence of unaided courses and study centers of other universities in aided college.

## Evolution of College Finances

Several experiments have gone into the financing of colleges in Kerala. However the full details of such experiments are not widely known, as there exist few published accounts. The finance required can be studied under the following headings.

## Initial capital expenditure

The initial capital expenditure consists of expenditure on land and building for the college. There are three ways of securing land for a college:

(1) Gift from the state government (2) gifts from private individuals and (3) purchase by management (financed by donations raised from the public and /or members of the particular community under whose auspices the college was to be started).

As far back as 1813 the land for the old Seminary (Syrian College) and about quarter of a century later, the CMS College. Kottayam and in very recent times the land for the Mahatma Gandhi College, Trivandrum, and the Sree Narayana College, Quilon, were donated by the government. The Old Seminary at Kottayam was established entirely at the cost of the Travancore Government. Rani Lakshmi Bai of Travancore made a grant of 16 acres of land on the banks of the Meenachil river free of tax and a sum of Rs. 20,000 to the Seminary which led to the emergence of the C.M.S. College Kottayam. In more recent times there have been several instances in which the state government donated the required land for the establishment of colleges. To mention only a few prominent cases, the Union Christian College, Alwaye, was started in an old Cutchy (court) building which stood on

an 18 acre plot of land donated by the Maharaja of Travancore. Forty- six acres of land at Trivandrum were given in 1948 to the Nair Service Society for the establishment of the Mahatma Gandhi College. In the same year a 30- acre plot at the Cantonment Maidan at Quilon was granted to the S.N.D.P. Yogam for starting the Sree Narayana College, Quilon. A decade and a half later in 1964 the state government made a grant of 26 acres of land for the starting of the Devaswom Board College at Sasthamcota.

Lands for the establishment of colleges used to come in several instances also from donations by individuals or organizations. For instance, the offer by V.S. Sivarama Krishna Iyer of an amount of Rs. 50,000 enabled the Payannur Educational Society to purchase 157 acres of hilly land for starting the payyannur College in1965. The entire land for the NSS College at Manjeri was donated by P.M. Thirumulpad. The establishment of the S.N. College, Chelannur, was made possible by a gift of 67 acres of land by the Sree Narayana Educational Society of Chelannur.

By and large, however, the lands required for the establishment of colleges in the private sector were acquired with funds raised from the public, mostly from the members of the community which sponsored the colleges and to a limited extend from members of other communities. Confronted with major obstacles in raising funds, the NSS invented a new technique of financing known as Ulpanna Pirivu (produce collection) according to which each household was to donate in cash a certain percentage of whatever agricultural produce it raised. This remarkable ingenious technique feched about Rs. 6.5 lakhs in the 1940's.

For colleges started by other organizations, particularly the Christian churches, the problem of raising funds varied from management to management. While relatively rich (mostly Catholic) diocese like those of Trichur, Palai and Changanachery found it possible to finance the founding of colleges largely out of own resources, the task was not so smooth in respect of colleges started by other dioceses, especially the non-Catholic churches. In the case of colleges run by individual parishes of the Christian churches the problem was of a different order and magnitude. Since most such parishes derived stable and substantial incomes through the offeratory received in the church especially during the annual "perunal" (religious festival), they were in a position to raise adequate funds from own resources. The St. Aloysius College run by the St. George church, Eduthua, the St. Mary's college run by St.Marys Jacobite Church, Manarcad, and St.George College owned by St. George Church, Aruvithura, are typical examples of such colleges. There is a close parallel between these colleges and the Guruvayurappan College, Calicut which received in 1952 a handsome grant of Rs. 5 lakhs from the surplus funds of the Guruvayurappan temple at Guruvayur.

Among items of recurring expenditure, the most important is salaries of the teaching and ,on teaching staff. With the "Direct payment Agreement" of 1972 between the state government and the managements of private colleges. payment of

salaries has become the responsibility of the government. In return, the colleges are bound to remit the tuition fee collected into the government treasury. Under this agreement other recurring expenditures such as maintenance of buildings are also met by the government. The direct payment agreement was the culmination of a series of attempts made to regulate and standardize the financial management of colleges about which there had existed long drawn criticism from teachers, educationalists and the general public. Colleges in Kerala have passed in relation to their finances mainly three periods namely (1) the period prior to 1962 (2) the period from 1962 to 1972, and (3) the period since 1972.

## 1. The period prior to 1962

The period prior to 1962 began with the establishment of the first college in Kerala in the early nineteenth century. It represent a period of almost complete financial autonomy for private colleges. The only control was the academic control exercised by the university in matters such as course and syllabi, norms of admission of students to different courses and qualifications for appointment of lectures and professors. The government almost entirely kept aloof from the functioning of private colleges. The fees collected from students were retained by the colleges concerned and were used for payment of salaries of teachers and other staff and for other expenses. There were only 36 private Arts and Science colleges entire state of Kerala prior to 1962.

## 2. Period 1962-1972

According to the Grant-in-Aid Code implemented which effect from 1st April, 1962, a sum of money was annually set apart by the state government "with the object of maintaining, improving and extending higher secular education".

Under the new dispensation colleges were entitled to three different types of grants in aid: (1) teaching grants (for salaries of teachers), (2) building grants (to the purchase, acquisition, erection or enlargement of buildings for the colleges and the hostels attached to it) and (3) equipment grants (for the purchase of books for libraries, apparatus for laboratories and furniture).

## 3. Period in since 1972

The Grant-in-Aid Code did not, however, resolve the longstanding conflict between the management and the teachers. The latter accused the former of several malpractices. The teachers demanded unification of fees in private colleges as well as unification of fees as between the private and the government colleges. At the end of an agitation which lasted three months from June to August 1972 the "Direct Payment Agreement" was reached between the state government, the managements and the teachers organizations.

With the introduction of direct payment the state government assumed responsibility for the payment of (1) salaries of the teaching and non-teaching staff (2) library and laboratory grant, (3) maintenance grant, an (4) contingency grant, of private colleges in the state. These items together account for the major part of the recurring expenditure of a college. Thus the state government is now playing an

undoubtedly predominant role in the financing of colleges in the private sector. The other institutional sources of finance, through far less important, consist of the management (the educational agency) the university to which the colleges are affiliated, and the University Grants Commission.

## Non - Institutional Sources

The non - institutional source of financing consist mainly of (1) Fees other then tuition fees (2) donations and (3) miscellaneous receipts such as income from property interest on bank deposits and borrowing. Here, donations received by the colleges may be classified into (a) donations from staff (b) donation from students and / or parents (c) donations from the general public. Donation are playing an important role in the financing of colleges today. Since the college accounts are subject to govt. audit, it is very likely that normally the major share of the donation are received by the management and shown as such in its accounts. So college accounts shows only a small portion of the total funds raised by the management by way of donations.

So, it is the institutional and non-institutional sources of fund that together contributed to the growth and development of private aided colleges in the state. Both these sources are sources of public funding. The aided higher education sector managed by the private sector in Kerala owes its existence to public funds from institutional and non-institutional sources.

## Privatisation of Public Assets: The new 'Kerala model'

The consequences of the growth of unaided sector as separate institutions in higher education are widely debated in terms of its impact on equity and excellence. But very little attention is focused on the emergence and growth of unaided courses and self - financing centers within the private aided colleges in the state.

There are several reasons for the spread of unaided courses in aided colleges. The most important factor is the policy of the state govt. The delinking of Pre Degree courses from the colleges (from 1997 onwards) created large idle infrastructure in the private aided colleges. The attempt to start new aided courses in these colleges was defeated by the govt. and universities when permission was given to private managements to decide on the nature of these courses. This is most evident in the affiliated colleges under the M.G. University, Kottayam. Similarly some of the managements in violation of university statutes started classes for courses of other universities in the private aided college campus. Colleges in the urban areas are doing good business in the name of Distant Education Programme of other universities.

The off campus programme of the M.G. University offered the best opportunity for private college managements to exploit the existing assets of the aided colleges to further their commercial interests. Some of the colleges are utilizing the services of regular teachers in the off campus centers whose salaries are paid by the state govt. The underpaid guest lecturers in regular colleges and off campus stream present an instance of labour exploitation in higher education. In all these cases public assets and personnel paid by the govt.

**High Tech Air Bus 49, Push Back 35, Mini High Tech Buses
27, 19 Seater, A/c & Non A/C Tempo Traveller & all Kinds of Luxury Cars**

**Daily Trips to**
Bangalore, Bombay, Mangalore, Chennai
Mookambika, Sivakasi, Madurai
Every Friday Velankanni Trips

**0484-Off: 2522531, 252286**
**Res: 2525020, 2523872**
**Mobile: 98460-52872**
**Fax: 2522286**

# Yuvaraj Travels

MC ROAD, PMR SHOPPING COMPLEX, PERUMBAVOOR
**E-mail: info@yuvarajtravel.com Website: www.yuvarajtravels.com**



Tourist Bus Operators, Buyers and sellers of all Type of Vehicles & Finance Agent

# TRAINING ON COMPUTER HARDWARE & NETWORKING

***From the Leaders in Computer Maintenance***

Diploma in Computer Hardware Engg.
Computer Hardware Foundation Course.
Networking : Windowds NT & Win 2000
100% Practical Oriented
Hands on experience on latest technology
Network Installation
Windows NT, Netware, Linux

Call us For
- Computer System and Peripherals
- Computer Maintenance & Repair
(Component level repairing of Computer parts & all peripherals Annual Maintenance Contract)
- Networking Solution, Banking Software
- Structural Data Cabling
- Campus Wide Network Installations.

Stepping to the 10th Year of Successful Operation

**dot** Computer Solution
P.T. Usha Road, Calicut-32
Ph: (0495) 2365643, 2368451

are utilized for private enrichment. In addition, the fees charged for these courses are prohibitively high. The irony is that the off campus centers are in the campus itself and Distant Education, which in normal circumstance should be cheap, is very expensive in the state.

All the above actions of the private managements in the state have got the blessings of the authorities at different levels - university and government. The White Paper (2001) published by the government of Kerala clearly reveals its intention in higher education. It calls for the establishment of 'self-financing autonomous' colleges in the state i.e., to convert the existing aided colleges into self - financing colleges and the freedom for the managements to run the colleges as they like. These recommendations are actually based on the Ambani - Birala Report (2000) of the central government on education. It highlights the need for freedom for the private sector in the frontier areas of science, technology and management courses. The same logic can be found in the Supreme Court verdict on MEI case (2002), where entrepreneurial freedom of the investor in higher education is considered more important than the issue of treating education as a public good. The operation of National Assessment and Accreditation Council (NAAC) is actually doing the ground work for further liberalization of higher education sector. The attempt to link accreditation and funding is a poly to deny funds to most of our colleges. The Kerala Universities Bill (2003) is a piece of legislation bestowing more powers to private management in the affairs of higher education. The latest piece of legislation for clearing the hurdles in the operation of private universities both domestic and foreign, and meeting the conditionalities of the GATS is the proposed UGC Model Act for the Universities of the 21st Century.

## Social Sector Disinvestment: Reverse of BOT

Disinvestment of PSUs earns some income for the govt. The GOI has earned nearly Rs 24000 crores form public sector disinvestment. But privatization of public assets in higher education offers no income to the government or society. It is BOT (Build, Operate, Transfer) in the reverse order. Public assets are built by public investment by the government and contributions by the people. This valuable assets are operated by private management for profit and it is being gradually transferred to individual or corporate managements in the state. This can be termed as social sector disinvestment for private enrichment.

This will have serious implications in terms of equity and excellence in higher education. If this process is continued to flourish, the regular aided courses will be marginalized in the long run. Like uneconomic schools, a new category of uneconomic colleges and courses will emerge in the near future. The private aided collages are really public wealth. They are held by nominal owners. The real owners of these institutions are the public or the society at large. Greater social control and growth of these public funded centers of higher learning are needed, at least, to sustain the achievements of Kerala in higher education. ■

# CURRENT BOOKS THRISSUR

**Round West, Thrissur 680 001**

Ph:0487-335660, Fax:0487-335642

## Publishers & Distributors for

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculiure, Aquaculture, etc.

BRANCHES

**Kozhikode**
**Rly. Station Link Road**
**Ph:0495-703487**
**Fax:0495-700049**

**Ernakulam**
**Press Club Road,**
**Ph:0484-353818**

## COSMO BOOKS

**Round West, Thrissur 680 001. Ph:0487-335292**
**E-mail: cosmoboo@md3.vsnl.net.in**

## COSMO BOOKS

**[SCHOOL DIVISION]**

**Room No.10/342 B-1, Taj Complex, PM Taj Road,**
**Kozhikode-673 001, Phone:724622.**

# ഒരു തെരുവോര കവിയരങ്ങ്

പയ്യപ്പിള്ളി ബാലൻ

ഉച്ചത്തിൽ ചൂളം വിളിച്ചുകൊണ്ട് തീവണ്ടിയുടെ ഇരമ്പൽ പിന്നിൽ. മോട്ടോർ വാഹനങ്ങൾ ഹോൺമുഴക്കിക്കൊണ്ട് ചീറിപ്പായുന്നു മുന്നിൽ. വരുന്നവർ വരുന്നവർ റോഡുകൾക്കും റെയിൽവേസ്റ്റേഷനുമിടയിൽ ഉള്ള ട്രാഫിക് ഐലന്റിനെ പൊതിഞ്ഞും റോഡരികുകളിലുമായി കൂട്ടംകൂടുന്നു. ബസ്സിൽ നിന്നിറങ്ങിയവർ ബസ്സിനുവേണ്ടി കാത്തുനിൽക്കുന്നവർ, തീവണ്ടിയിൽ നിന്നിറങ്ങിവരുന്നവർ, പോർട്ടർമാർ, ചുമട്ടുതൊഴിലാളികൾ, ഓട്ടോ-ടാക്സി ഡ്രൈവർമാർ, ചന്തയിൽ വന്നവർ, വിദ്യാർത്ഥികൾ എന്നുവേണ്ട, സായാഹ്ന സവാരിക്കിറങ്ങിയ പട്ടണത്തിലെ മാന്യന്മാർ വരെ എല്ലാവരും ഉണ്ട് ആൾക്കൂട്ടത്തിൽ. പട്ടണത്തിലെ ജനസംഖ്യയുടെ ഒരു യഥാർത്ഥ പരിച്ഛേദം.



എല്ലാവരും കാതുകൂർപ്പിച്ചു ശ്രദ്ധിക്കുന്നത് ട്രാഫിക് ഐലന്റിലെ മൈക്കിൽനിന്നും ഒഴുകിവരുന്ന കവിതാലാപനങ്ങൾ ആണ്. എറണാകുളം ജില്ലയിലെ ആദ്യത്തെ തെരുവോര കവിയരങ്ങ്, സ്ഥലം ആലുവാ റെയിൽവേസ്റ്റേഷൻ മൈതാനം. മുതലയില്ലാത്ത മുതലക്കുളം മൈതാനം പോലെ മൈതാനമല്ലാത്ത റെയിൽവേസ്റ്റേഷന്റെ പിൻവശം.

നാടുവാഴികളുടെ കോവിലകങ്ങളിലും ജന്മിമാരുടെ നാലുകെട്ടുകളിലും അവരുടെ ക്ഷേത്രങ്ങളിലും മാത്രം തളച്ചിട്ടിരുന്ന കലാസാഹിത്യാദികളെ തുഞ്ചൻ മുതൽ കുഞ്ചൻവരെയും ചന്തു

മേനോൻ മുതൽ പ്രസിദ്ധരായ കവിത്രയം വരെയുള്ളവർ ജനമധ്യത്തിലേക്ക് വലിച്ചിറക്കിക്കൊണ്ടു വന്ന സുദീർഘമായ ചരിത്രം വിടുക. ആയിരത്തിത്തൊള്ളായിരത്തി മുപ്പതുകളിൽ മലയാളസാഹിത്യം പുതിയൊരു വഴിത്തിരിവിൽ എത്തി. അന്ന് ലോകമെമ്പാടുമുള്ള സാഹിത്യകാരന്മാരുടെ നേരെ ഒരു ചോദ്യം എറിയപ്പെട്ടു. സാഹിത്യകാരാ! നീ ഏതു ചേരിയിൽ? സർവ്വനാശകാരിയായ ഫാസിസത്തിന്റെ ചേരിയിലോ അതോ മാനവികതയുടെ ചേരിയിലോ? ഈ ചോദ്യത്തിന് ഇന്ത്യയിൽ നിന്നുമുള്ള മറുപടിയെന്നോണം പ്രോഗ്രസീവ് റൈറേറഴ്സ് അസോസിയേഷൻ രൂപംകൊണ്ടു. തുടർന്ന് കേരളത്തിൽ ജീവത്സാഹിത്യസംഘവും 1944ൽ മുണ്ടശ്ശേരി എം.പി.പോൾ, തകഴി, ബഷീർ തുടങ്ങിയ ലബ്ധ പ്രതിഷ്ഠരായ സാഹിത്യനായകന്മാരെയും കെ.ദാരമോദരൻ, എം. എസ്.ദേവദാസ്, സി. അച്യുതകുറുപ്പ്, ഇ. എം. എസ് തുടങ്ങിയ കമ്മ്യൂണിസ്റ്റു സാഹിത്യകാരന്മാരെയും അണിനിരത്തിക്കൊണ്ടുള്ള പുരോഗമന സാഹിത്യസംഘടനയും നിലവിൽവന്നു.

സ്വാതന്ത്ര്യലബ്ധിയോടെ സംഘടനയിൽ അഭിപ്രായഭിന്നത നാമ്പിട്ടു. രൂപഭദ്രത, സാഹിത്യകാരൻ, രാഷ്ട്രീയ പാർട്ടി അംഗമായാൽ അയാൾക്ക് ഹൃദയച്ചുരുക്കം വരും എന്നിത്യാദി വിഷയങ്ങളായിരുന്നു അഭിപ്രായഭേദത്തിന് നിദാനമായി ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നത്. എന്നാൽ സ്വതന്ത്ര ഇന്ത്യയിലെ ഭരണാധികാരികളോടുള്ള ഭിന്നസമീപനങ്ങളായിരുന്നു ചേരിതിരിവിന് വഴിയൊരുക്കിയത്. 1948ൽ നെടുകെ പിളർന്ന് സംഘടന നാമാവശേഷമായി.

സംഘടന തിരോഭവിച്ചെങ്കിലും അത് അഴിച്ചുവിട്ടിരുന്ന ആരോഗ്യപൂർണ്ണവും വിലയേറിയതുമായ ചർച്ചകളുടെ ഊർജം ആവാഹിച്ചെടുത്ത നമ്മുടെ അനുഗ്രഹീത സാഹിത്യനായകന്മാർ ആയിരത്തിത്തൊള്ളായിരത്തി അമ്പതുകളിൽ വിലയേറിയ സൃഷ്ടികൾ കാഴ്ചവച്ചു. എന്നാൽ അറുപതുകളിൽ പടിഞ്ഞാറു നിന്നു ലഭിച്ച ആധുനികതയും ആധുനികോത്തരതയും മററും ദുഷിച്ച പ്രവണതകളും നമ്മുടെ സാഹിത്യസാംസ്കാരിക രംഗത്ത് മേധാവിത്തം സ്ഥാപിക്കയാൽ അസ്ഥിത്വദുഃഖവും മോഹഭംഗവും ലൈംഗികാരാജകത്വവും വ്യർത്ഥതാ വാദവും ദുർഗ്രഹതയും കൊടികുത്തി വാഴാൻ തുടങ്ങി. എങ്കിലും ഏതാനും ഉൽകൃഷ്ട കൃതികൾ ലഭിച്ചതു വിസ്മരിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാർ വീണ്ടും അവസരത്തിനൊത്തുയർന്ന്, മാരകമായ ഈ ദുഷ്പ്രവണതകൾക്കെതിരെ ശക്തമായ പ്രതിരോധം സംഘടിപ്പിക്കാനായി ദേശാഭിമാനി സ്റ്റഡിസർക്കിൾ രൂപീകരിച്ചു. ഈ ദുഷ്ട പ്രവണതകളെ പിന്നോട്ടുതള്ളി നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യപ്പെട്ടുവെന്ന് വിവക്ഷയില്ല.

ഒരു ദശാബ്ദക്കാലത്ത് മലയാളസാഹിത്യ സാംസ്കാരികരംഗങ്ങളിൽ ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെ സജീവ സാന്നിധ്യം ശ്രദ്ധിക്കപ്പെട്ടു. ഒപ്പം സംഘാടകർക്ക് അതിന്റെ പരിമിതികളും ബോധ്യപ്പെട്ടു. ഈ പരിമിതികൾ ലംഘിച്ച് മുന്നേറുകയെന്ന മഹത്തായ ലക്ഷ്യത്തോടെ, മഹാകവി വൈലോപ്പിള്ളി സപ്തതി ആഘോഷങ്ങളോടനുബന്ധിച്ച് ചേർന്ന സാഹിത്യസമ്മേളനത്തിൽ വച്ച് 1981ൽ പുരോഗമന കലാസാഹിത്യ സംഘത്തിന് രൂപംനൽകി. സംഘത്തിന് ഒരു നിയമാവലിയും മേൽകീഴ് ഘടകങ്ങളുമുണ്ടെങ്കിലും കർശനമായി നിയമബദ്ധവും ഘടകശ്രേണികളാൽ കെട്ടിപ്പടുത്തതുമായ സംഘടനയെന്നതിലേറെ ഒരു മഹാപ്രസ്ഥാനമെന്ന് വിശേഷിപ്പിക്കപ്പെടുന്നതാണ് ശരി. അതായത് സാഹിത്യകാരന്മാരും വിവിധ കലാകാരന്മാരും ആസ്വാദകരുമടങ്ങുന്ന ഒരു മഹാമുന്നണി. മൂല്യങ്ങളിൽ വിശ്വസിക്കുകയും മാനവികതയെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന ഏതൊരു സഹൃദയനും മുന്നണിയിലേക്ക് സ്വാഗതംചെയ്യപ്പെടുന്നു.

സാഹിത്യകാരന്മാരെ വാർത്തെടുക്കാൻ ഈ മുന്നണിക്കാവില്ല. ആരോഗ്യമുള്ള എന്നാൽ വാഗ്ദാനമുള്ള നല്ല പ്രതിഭകളെ മുളയിൽ തന്നെ കണ്ടെത്താനും അവരെ പ്രോത്സാഹിപ്പിച്ച് സാമൂഹ്യ പരിവർത്തനോന്മുഖമാക്കാനും കഴിയും. മുകളിൽ പരാമർശിക്കപ്പെട്ട സമൂഹവിരുദ്ധ പ്രവണതകളെ പ്രതിരോധിക്കാനും തിരസ്ക്കരിക്കാനും ത്രാണിയുള്ള ഉൽബുദ്ധമായ ഒരു ആസ്വാദക വലയത്തെ സജ്ജമാക്കാൻ കഴിയുകയും ചെയ്യും. പ്രശലമല്ലാത്ത വസ്തുവും ഉലകിൽ പ്രേഷകരില്ലാ

ഞ്ഞാൽ എന്ന കവിവാക്യം ഇവിടെ പ്രത്യേകം സ്മരണീയം. ഈ ഒരു ലക്ഷ്യം മുന്നിൽകണ്ടുകൊണ്ടാണ് പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാനത്തിൽ ആയിരം തെരുവോര കവിയരങ്ങുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചത്.

ഇവിടെ പരാമർശിക്കപ്പെടുന്നത് എറണാകുളം ജില്ലയിലെ ആദ്യത്തെ തെരുവോര കവിയരങ്ങാണ്. അഞ്ചോ ആറോ നവമുകുളങ്ങളെയാണ് ആദ്യം കണ്ടുമുട്ടിയത്. നാലുപേർ അറിയുന്ന ഒരേ ഒരു കവി-ഡോക്ടർ തോന്നയ്ക്കൽ നാരായണൻ മാത്രം. അദ്ദേഹത്തിനാണെങ്കിൽ തെരുവിൽനിന്ന് കവിത ചൊല്ലുക എന്നത് ആലോചിക്കാനേ ആവുന്നില്ല. ഉന്നതബിരുദധാരികളും മിക്കവാറും മധ്യവർഗ കുലജാതരുമായ കോളജ് അദ്ധ്യാപകർ ഇന്നത്തേതുപോലെ ചെങ്കൊടിയേന്തി തെരുവിൽ പ്രകടനം നടത്തുകയും ഇൻക്വിലാബ് വിളിക്കുകയും ധർണ്ണയും പിക്കററിംഗും നടത്തുകയും ചെയ്യുന്ന രീതി കാൽനൂററാണ്ടുമുമ്പ് പതിവില്ലായിരുന്നു. പിന്നെയാണോ സാഹിത്യത്തെ തെരുവിലേക്ക് പിടിച്ചിറക്കുക. ഞങ്ങളുടെ നിർബ്ബന്ധപൂർവ്വമായ അഭ്യർത്ഥനയെ തള്ളിക്കളയാൻ അശക്തനാകയാൽ ഡോക്ടർ തോന്നയ്ക്കൽ നാലഞ്ചു വാചകങ്ങൾ ആമുഖമായി പ്രസ്താവിച്ചിട്ട് സ്വന്തം കവിത ചൊല്ലി കവിയരങ്ങ് ഉദ്ഘാടനം ചെയ്തെന്നുവരുത്തി. തുടർന്ന് രണ്ടോ മൂന്നോ പേർ അവരുടെ കവിത ആലപിച്ചു. അപ്പോൾ ആൾക്കൂട്ടത്തിൽ നിന്നും ചിലർ വേദിയിലേക്കുവന്നു. യുവകവികൾ - അതുവരെ അറിയപ്പെടാതിരുന്നവർ. അവർക്ക് അവരുടെ കവിതകൾ അവതരിപ്പിക്കാൻ അനുവാദം വേണം. സംഘാടകർക്ക് സംതൃപ്തിക്ക് ഇനിയെന്തുവേണം?

ആകെ പത്തുപതിനഞ്ചുപേർ സ്വന്തം കവിത ചൊല്ലി, ചിലർ കർണ്ണാനന്ദകരമായി പാടുകയായിരുന്നു. വേറെചിലർ കടമ്മനിട്ട സ്റ്റൈലിൽ ഘനഗംഭീരമായ സ്വരത്തിൽ, ഇനിയും ചിലർ ഗദ്യപാരായണംപോലെ ചൊല്ലി, ചിലർ രണ്ടു കവിതകൾ അവതരിപ്പിച്ചു.

ശ്രോതാക്കളെ ആകർഷിച്ചത് കവിതയിലെ വൃത്തനിബന്ധനയോ (വൃത്തനിയമങ്ങൾ പാലിച്ചിരുന്നുവോ എന്തോ) പ്രാസഭംഗിയോ അലങ്കാരപ്രയോഗങ്ങളോ ഒന്നുമില്ല. യുവകവികൾ തങ്ങളുടെ രചനയ്ക്ക് തിരഞ്ഞെടുത്ത വിഷയങ്ങളായിരുന്നു അവരെ ഹരംപിടിപ്പിച്ചത്. തൊഴിലാളികളുടെ രോഷവും കർഷകന്റെ ദൈന്യതയും ധനികവർഗത്തിന്റെ കടുംപിടുത്തവും സ്ത്രീപീഡനകഥകളും എല്ലാം എല്ലാം. പ്രകൃതിവർണ്ണനകളും പ്രണയഗാനങ്ങളും ദുർഗ്രഹങ്ങളായിരുന്ന ചിലതും ഇല്ലായിരുന്നെന്നു പറഞ്ഞുകൂടാ. സങ്കോചത്തോടെ ഉദ്ഘാടനം ചെയ്ത ഡോക്ടർ തോന്നയ്ക്കലിന്റെ സന്ദേഹങ്ങളെല്ലാം പമ്പകടന്നു. അത്യന്തം ആവേശോജ്ജ്വലമായിരുന്നു അദ്ദേഹത്തിന്റെ ഉപസംഹാര പ്രസംഗം.

പരിപാടി കഴിഞ്ഞു മടങ്ങവെ ചെറായിയിലെ ഒരു സാഹിത്യസദസ് ഈ ലേഖകന്റെ സ്മരണയിൽ ഉയർന്നുവന്നു. അന്തിച്ചന്ത കൂടുന്നിടത്താണ് സാഹിത്യസദസ്! ചെറായി സ്കൂളിലെ അദ്ധ്യാപകൻ പനയ്ക്കൽ ജോസഫിന്റെ ഒരു നോവൽ ആണ് ചർച്ചാവിഷയം. ചർച്ച തുടങ്ങിവയ്ക്കേണ്ടത് ഈ ലേഖകന്റെ ചുമതലയിൽ. ഒരു ധനികപ്രമാണിയുടെ വീട്ടിൽ വേലയ്ക്കുനിന്നിരുന്ന യുവതിയെ ഗർഭിണിയാക്കി കൊന്ന് അയാൾ പുഴയിൽ തള്ളിയതായിരുന്നു പ്രമേയം. വേറെ രണ്ടുമൂന്നുപേരും കൂടി ചർച്ചയിൽ പങ്കെടുത്തു. അവസാനം ശ്രോതാക്കളുടെ പ്രതികരണം ആരായുക എന്ന പതിവുണ്ട്. താഴെ തോർത്തുവിരിച്ചിരുന്ന് യോഗനടപടികൾ ശ്രദ്ധിക്കുകയായിരുന്ന ഒരു മത്സ്യത്തൊഴിലാളി ചാടി എണീററ് തോർത്ത് കുടഞ്ഞ് തോളിലിട്ട് ചോദിച്ചു:


"മാഷ് എന്താണീ പറേന്നത്? വേലക്കാരിയെ ഗർഭിണിയാക്കി കൊന്ന് പുഴയിൽ എറിഞ്ഞാൽ ഇവിടെ ചോദിക്കാൻ ആരുമില്ലേ? ഇമ്മാതിരി കഥകൾ ഞങ്ങൾക്കു വേണ്ട മാഷേ!"

സാഹിത്യത്തെ കോവിലകങ്ങളിൽ നിന്നും നാലുകെട്ടുകളിൽ നിന്നും ഗൃഹസദസ്സുകളിലേക്കും ഹാളുകളിലേക്കും ആഡിറേറാറിയങ്ങളിലേക്കും പിന്നീട് തെരുവിലെ ജനമധ്യത്തിലേക്കും കൈപിടിച്ചിറക്കിക്കൊണ്ടുവന്നാൽ മേൽവിവരിച്ചവിധം ഉൽബുദ്ധമായ ഒരു ആസ്വാദകലോകം സൃഷ്ടിക്കപ്പെടും. ■

www.cambridge.org/elt

CAMBRIDGE UNIVERSITY PRESS

# World's Best Dictionaries





## Cambridge Advanced Learner's Dictionary

Cambridge Advanced Learner's Dictionary provides a clear, reliable guide to modern English. This new edition has 1,70,000 words, phrases, examples, over 10,000 phrasal verbs and idioms highlighted, as well as 16 full page colour pictures and special notes to help learners avoid common errors.

The CD-ROM goes even further to provide special tools to help with writing, pronunciation and vocabulary practice.


| | | |
|---|---|---|
| 0521539617 | Paperback | Rs. 410 |
| 0521539625 | PB + CD-ROM | Rs. 495 |
| 0521832004 | HB + CD-ROM | Rs. 595 |




**Cambridge Learner's Dictionary**


0521009782
Book only
**Rs. 175**

0521009790
Book + CD-ROM
**Rs. 295**





**Cambridge International Dictionary of Phrasal Verbs**

0521634539
**Rs. 200**




**Cambridge International Dictionary of Idioms**

0521779782
**Rs. 200**




**Cambridge English Pronouncing Dictionary**

(16th Ed.)
0521543045
**Rs. 225**

Book + CD-ROM
Edition forthcoming

**FOUNDATION BOOKS**

C-22, 'C' Block, Brigade MM, K. R. Road, Jayanagar, **Bangalore** 560 082
Tel: 6764817, 6762764 Fax: 6761322 E-mail: cupbang@cupind.com

# പിരിച്ചുവിടൽ: പോളിൽനിന്നും മുണ്ടശ്ശേരിയിലേക്ക്

**പ്രൊഫ. വി.എൻ.മുരളി**
*മുൻ ജനറൽ സെക്രട്ടറി, എ.കെ.പി.സി.ടി.എ*

**ബുദ്ധിയുണ്ടായാൽ ആർക്കും എവിടെക്കയറിയും പഠിച്ചു പാസാവാൻ ഒക്കണം എന്നുള്ള ഒരു പുതിയ നീതിക്കുവേണ്ടി ഭാവിയിൽ ചെയ്യാവുന്നതൊക്കെ ചെയ്യണം എന്നൊരു വാശി താനേ ഉളവാകുകയും ചെയ്തു.**

പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിയുടെ ജന്മശതാബ്ദി ആഘോഷിക്കുന്ന സന്ദർഭമാണിത്. കേരളം മുണ്ടശ്ശേരിയെ വേണ്ടത്ര മനസ്സിലാക്കിയോ? സംശയമാണ്. അദ്ദേഹത്തിന്റെ സാഹിത്യസിദ്ധാന്തങ്ങൾ കുറെ ചർച്ചചെയ്തിട്ടുണ്ടാകാം. എന്നാൽ അതിനൊക്കെ അപ്പുറത്ത് ഒരു മുണ്ടശ്ശേരിയുണ്ട്. അദ്ധ്യാപകൻ, ലോകത്തിലാദ്യമായി തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന കമ്മ്യൂണിസ്ററ് മന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രി, പ്രഭാഷകൻ, വൈസ് ചാൻസിലർ എന്നിങ്ങനെ സ്വന്തം സർഗാത്മകതയെ സാമൂഹ്യവളർച്ചയ്ക്ക് പ്രയോജനപ്പെടുത്തിയ സവിശേഷമായ ആ വ്യക്തിത്വത്തെ പുതിയ തലമുറയിൽ എത്രപേർ അറിയുന്നുണ്ട്? വിദ്യാഭ്യാസബില്ലും വിമോചനസമരവും, മന്ത്രിസഭ പിരിച്ചുവിടലും പരാമർശിക്കുന്നിടത്ത് ഓർക്കാറുണ്ടെങ്കിലും അദ്ദേഹത്തെ ശരിയായി മനസ്സിലാക്കാനോ പഠിക്കാനോ ആരും ശ്രമിച്ചിട്ടില്ല. സ്കൂളദ്ധ്യാപകർക്കും കോളജദ്ധ്യാപകർക്കും ഒരുനാളും മറക്കാൻ കഴിയാത്ത ഈ പ്രതിഭയെ അവരും വേണ്ടത്ര അടുത്തറിഞ്ഞിട്ടില്ല.

കാളിദാസനും കാലത്തിന്റെ ദാസനാണ്' എന്ന പ്രയോഗം മുണ്ടശ്ശേരിയുടേതാണ്. മനുഷ്യൻ ഒരു സാമൂഹ്യോല്പന്നമാണ് എന്ന് ഇന്നു നാം പറയുന്നത് എത്രയോ മുമ്പുതന്നെ അദ്ദേഹം പറഞ്ഞുവച്ചിരിക്കുന്നു. കുട്ടിക്കാലത്തെ ജീവിതാന്തരീക്ഷം മുണ്ടശ്ശേരിയെ എങ്ങനെ മാററിമറിച്ചുവെന്ന് അദ്ദേഹം തന്നെ ആത്മകഥയിൽ പറയുന്നത് കേൾക്കുക: ''അന്നത്തെ അനുഭവങ്ങളിൽ വച്ചേററവും അവിസ്മരണീയമായി ഒന്നുണ്ട്. സാമൂഹ്യജീവിതത്തെപ്പററി അടിസ്ഥാനപരമായി തന്നെ ചിന്തിച്ച് മറെറാരു വഴിക്ക് തിരിയുവാൻ എന്നെ പ്രേരിപ്പിച്ചിട്ടുള്ള പല സംഗതികളിൽ ഒന്നാമത്തേതാണത്. ഞാൻ ജനിച്ചുവളർന്ന അങ്ങാടിയിൽ പ്രധാനമായി രണ്ടേരണ്ടു തറവാട്ടുകാരേ ഉണ്ടായിരുന്നുള്ളു. ഓരോന്നിലും

ചിലർ ധനവാന്മാരും ചിലർ ദരിദ്രന്മാരുമായിരുന്നു. എന്നാലും തറവാട്ടൈക്യത്തിന്മേൽ എല്ലാവരും ഒപ്പമാണ് എന്നായിരുന്നു എന്റെ ധാരണ. അങ്ങനെയിരിക്കെയാണ് താരതമ്യേന ദരിദ്രനായിരുന്ന ഞാൻ രണ്ടുംകല്പിച്ച് എട്ടാംക്ളാസിൽ പോയി ചേർന്നത്. എന്റെ കുടുംബത്തെ സംബന്ധിച്ചിടത്തോളം അതല്പം അധികപ്പററായി. എന്നിരുന്നാലും അന്നത്തെ കണ്ടശ്ശാംകടവിലെ പൊതുജീവിതത്തിൽ എന്റെ ആ പ്രവൃത്തി ഒരു അവിവേകമോ അനീതിയോ ആയിപ്പോവുമെന്ന് ഞാൻ കരുതിയില്ല. ഒരുദിവസം ചങ്ങാതിമാരൊന്നിച്ച് ഞാൻ സ്കൂളിലേക്കു പോകുംവഴി അങ്ങാടിയിൽ എന്റെ തറവാട്ടുകാരൻ തന്നെയായ ഒരു പ്രമാണി തന്റെ മാളികയുടെ വരാന്തയിലിരുന്നുകൊണ്ട് `ഈ ചെക്കനും മററും ഹൈസ്കൂളിൽ പഠിക്കാൻ എന്തുകാര്യം?' എന്നൊക്കെ പറയുന്നതായി കേട്ടു. ഞാൻ പിന്നോക്കം തിരിഞ്ഞുനോക്കി. ആ മനുഷ്യൻ അവിടെയുണ്ട്. വീണ്ടും പറഞ്ഞു അയാൾ: "അതേ, നിന്നെപ്പററി തന്ന്യാ പറഞ്ഞത്". എന്റെ അസ്ഥിബന്ധങ്ങൾ പോലും ഇളകി. അപ്പോൾത്തന്നെ അങ്ങോട്ടു കയറി അയാളോട് തർക്കിച്ചാലോ എന്നുതോന്നി. പക്ഷേ ഫസ്ററ്ബെൽ അടിച്ചുകഴിഞ്ഞിരുന്നതിനാൽ കൂട്ടുകാരുടെ പിന്നാലെ ഞാൻ ക്ളാസ്സിലേക്ക് നടന്നു. ആ സംഭവം എനിക്കൊരു ഇടിവെട്ടായിരുന്നു. പണമില്ലാത്തവന് ഉയർന്ന ക്ളാസ്സിൽ ചേർന്നു പഠിക്കുവാൻ വയ്യെന്നോ, ബുദ്ധിമുട്ടിയാൽപ്പോലും? അന്നു ഞാൻ പ്രതിജ്ഞചെയ്തു. ഉയർന്നുപഠിച്ചേ ഇരിക്കൂ എന്ന്. മാത്രമല്ല, ബുദ്ധിയുണ്ടായാൽ ആർക്കും എവിടെക്കയറിയും പഠിച്ചുപാസാവാൻ ഒക്കണം എന്നുള്ള ഒരു പുതിയ നീതിക്കുവേണ്ടി ഭാവിയിൽ ചെയ്യാവുന്നതൊക്കെ ചെയ്യണം എന്നൊരു വാശി താനേ ഉളവാകുകയും ചെയ്തു. അതിനുശേഷം പണത്തിന്റെ പേരിൽ മാത്രം വലിയവന്മാരാകാൻ നോററിട്ടുള്ളവരെ ധിക്കാരികളാക്കുന്ന സാമൂഹ്യ നീതിയോട് എനിക്കൊരസഹിഷ്ണുത വളർന്നു വശായി" (കൊഴിഞ്ഞ ഇലകൾ - പേജ് 12)

മുണ്ടശ്ശേരിയുടെ പ്രവർത്തനങ്ങൾക്കെല്ലാം



അടിത്തറയായിരുന്നു ഈ സംഭവം എന്നു വ്യക്തം. ഏർപ്പെട്ട മേഖലകളിലെല്ലാം മാററങ്ങൾക്കുവേണ്ടി ഉറച്ചുനിന്നു വാദിക്കാനും, വേണ്ടിവന്നാൽ വിട്ടുവീഴ്ചയില്ലാതെ പോരടിക്കാനുമുള്ള വാശി അദ്ദേഹത്തിലുണ്ടായത് ഇത്തരം അനുഭവങ്ങളിൽ നിന്നാണ്. അന്നത്തെ പൊതുജീവിതത്തിൽ ജാതിയും സമുദായവും വല്ലാത്തൊരു ശിഥിലീകരണശക്തിയായിരുന്നതിനെപ്പററിയും ആത്മകഥയിൽ അദ്ദേഹം പറയുന്നുണ്ട്. സഹപാഠികളായിരുന്ന നമ്പൂതിരിമാരുടെയും നായന്മാരുടെയും വീടുകളിലേയ്ക്കു പോയിരുന്നപ്പോൾ ക്രിസ്ത്യാനിയായ എന്നെ കോലായിലേക്കു കയററി കെ.എസ്.കെ. യെപ്പോലുള്ളവരെ പടിപ്പുരയ്ക്കു പുറമേ നിർത്തിക്കളഞ്ഞത് എനിക്കുതന്നെ വളരെ ദുസ്സഹമായി തോന്നി എന്നും അദ്ദേഹം രേഖപ്പെടുത്തുന്നു. സാംസ്കാരിക രംഗത്തും ഇത്തരം വേർതിരിവുകളുടെ വേദന മുണ്ടശ്ശേരി അനുഭവിച്ചിരുന്നു.

അദ്ധ്യാപകനായി തൃശൂർ സെന്റ് തോമസ് കോളജിൽ മുണ്ടശ്ശേരി എത്തുന്നത് 1927ലാണ്. 1928ൽ എം.പി.പോളും അവിടെ അദ്ധ്യാപകനായി നുകത്തിൻകീഴിൽ ബന്ധിതരായ ഉഴവുകാളകളെപ്പോലെ ആയിരുന്നു അന്ന് പ്രൈവററ് കോളജദ്ധ്യാപകർ.

(തുടരും)

# മിഡിൽ ഈസ്റ്റിലെ പ്രകമ്പനങ്ങൾ

**എം.എസ്.വസന്തകുമാർ**
എസ്. എൻ. കോളജ്, കൊല്ലം

**ഒരുപാട് കുത്സിത സമ്പത്തും കുടില ബുദ്ധിയും നിക്ഷേപിച്ച് സമ്പാദിച്ച ഒരു എണ്ണ - ആസ്ഥാനത്ത് ഇങ്ങനെ തട്ടും മുട്ടും കിട്ടിയെങ്കിലും അമേരിക്കയ്ക്ക് കാലം കഴിക്കാൻ കഴിയുന്നത് ഇറാക്കിലെ അനൈക്യവും മദ്ധ്യപൂർവ്വദേശത്തെ ഒരുമയില്ലായ്മയും മൂലമാണ്. ആരോടെങ്കിലും മല്ലിടാനുള്ള ഒരു കലഹപ്രവണത ആ പ്രദേശത്തുകാർക്ക് രക്തത്തിൽ അലിഞ്ഞുചേർന്ന പോലെ കാണാം. അത് നിയന്ത്രിച്ച് പരസ്പരം യോജിച്ച് പൊതുശത്രുവിനോട് പൊരുതാനുള്ള മാനസിക നിലയാണ് അവിടുത്തെ നേതാക്കന്മാർക്ക് ഉണ്ടാവേണ്ടത്.**

കൂട്ടക്കൊലയുടെ ആയുധങ്ങൾ തേടി ഇറാക്കിലെത്തിയ അമേരിക്കൻ സേന, ഒരു കാലത്തെ അവയുടെ പ്രയോക്താവായ വമ്പനെ കുണ്ടിൽനിന്ന് പിടിച്ചതാണ് 2003ന്റെ അന്ത്യത്തിൽ ലോകത്തെ പിടിച്ചുകുലുക്കിയ വാർത്ത. എന്നാൽ മദ്ധ്യപൂർവ്വദേശത്ത് നാല്പതിനായിരത്തോളം പേരെ ഞൊടിയിടയ്ക്കുള്ളിൽ ശ്വാസംമുട്ടിച്ച് കാലപുരിക്ക് അയച്ച ഭൂകമ്പം പക്ഷരഹിതമായ ഒരു ദുരന്തമായതിനാൽ ആവാം, അത് വലിയ വൈകാരിക വേലിയേററങ്ങൾ സൃഷ്ടിച്ചില്ല.

മദ്ധ്യപൂർവ്വദേശം കലാപകലുഷിതമായ ചരിത്രമാണ് എന്നും കുറിച്ചിട്ടുള്ളത്. 'ദൈവദത്തമായ' ഇസ്രായേൽ സാമ്രാജ്യവും അതിന്റെ വ്യാപനവും വിഴുങ്ങുന്ന പലസ്തീന്റെ ദുരന്തവും, അപ്രത്യക്ഷമാകുന്ന രാജ്യാതിർത്തികളുടെയും മനുഷ്യസ്വത്വങ്ങളുടെയും ദൈന്യതയും ആണ് അവിടുത്തെ ഒരുമുഖം. ഊർജവും രക്തവും പാഴാക്കുന്ന കുർദുകളും ഷിയകളും, സുന്നികളും പരസ്പരം പോരടിച്ച് വിതയ്ക്കുന്ന അസമാധാനത്തിന്റെ മണൽക്കാററുകൾ അതിന്റെ മറെറാരുമുഖം. സമീപനവൈരുദ്ധ്യത്തിന്റെ ഈ കലക്കലിൽ അതിബുദ്ധിയോടെ വലവീശുന്ന സാമ്രാജ്യത്വക്കശ്മലരുടെ നിർമ്മമമായ സാഹസികത അതിന്റെ മൂന്നാമത്തെ മുഖവും.

### ബാത്ത്പാർട്ടിയും അമേരിക്കൻ അരങ്ങേററവും

രണ്ടാംലോക മഹായുദ്ധകാലത്ത് കോളനിവിരുദ്ധ സദ്ദേശീയ ചിന്തകളുടെ പിൻബലത്തോടെയാണ് മധ്യപൂർവ്വദേശം, ആഫ്രിക്ക, ഏഷ്യ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ബാത്ത് പാർട്ടി സ്ഥാപിക്കപ്പെടുന്നത്. 'അററ്ലാന്റിക് സമുദ്രം മുതൽ പേർഷ്യൻ ഗൾഫ് വരെയുള്ള ഏകരാഷ്ട്രം' - അതായിരുന്നു പാർട്ടിയുടെ മുദ്രാവാക്യം. പ്രദേശത്തെ മററ് പാർട്ടികളെപ്പോലെ സംഘാടനത്തിന്റെ ബാലാരിഷ്ടത ബാത്ത്പാർട്ടിയെയും ബാധി

ച്ചിരുന്നു. ഇതുകൊണ്ട് ഇറാക്കിലും സിറിയയിലും അധികാരത്തിൽ വന്ന പാർട്ടിയെ ദേശീയ ബൂർഷ്വാസിയുടെ ഉപകരണമായിട്ടാണ് അതിന്റെ നേതാക്കൾ പ്രയോഗിച്ചത് അതുകൊണ്ട് തന്നെ ഇറാക്കിലും സിറിയയിലും പോലും ഐക്യം ഒരു പാഴ്വാക്കായി നിലകൊണ്ടു.

ഈ പശ്ചാത്തലത്തിലായിരുന്നു ഇന്ന് പിടിയിലിരിക്കുന്ന വമ്പന്റെ, സദ്ദാമിന്റെ ഉദയം! ഇറാക്കിന്റെ അതിർത്തിക്കു ബാത്ത് പാർട്ടി തൊഴിലാളി വർഗ വിരുദ്ധ നിലപാടാണ് കൈക്കൊണ്ടത്. വിഭ്രമാത്മകമായ കമ്മ്യൂണിസ്റ്റ് വിരോധമായിരുന്നു അത്. സദ്ദാമിനെബാധിച്ച ഈ വിഭ്രമം, കമ്മ്യൂണിസ്റ്റുകാരനായ സ്വന്തം അളിയനെ കൊലചെയ്യാൻ അയാളെ പ്രേരിപ്പിച്ചു. 1958ലെ ഈ സംഭവത്തിന് ശിക്ഷയായി സദ്ദാം ജയിൽവാസം ഏററുവാങ്ങി.

അപ്പോഴേക്കും ഇറാക്കും ജോർദാനുമായി ഐക്യംപ്രഖ്യാപിച്ചു. ഇതിനെതിരായി വിപ്ലവം പൊട്ടിപ്പുറപ്പെടുകയും അധികാരത്തിലിരുന്ന ഫൈസൽ രാജാവ് കൊല്ലപ്പെടുകയും ചെയ്തു. വിപ്ലകക്ഷി നേതാവായ അബ്ദുൾ കരീം കസെം അധികാരത്തിലെത്തി. ഇറാക്ക് റിപ്പബ്ളിക്കായി പ്രഖ്യാപിക്കപ്പെട്ടു. 1963 ഫെബ്രുവരിയിൽ ബാത്ത് സോഷ്യലിസ്റ്റ് പാർട്ടിയും അവരുടെ കൈയിൽനിന്ന് അതേ വർഷം നവംബറിൽ ആരിഫ് അബ്ദുൾ സലാമും ഇറാക്കിന്റെ ഭരണം പിടിച്ചു. അറബ് ഐക്യം പ്രഖ്യാപിച്ച ആരിഫ് 1966ൽ മരിച്ചു. അദ്ദേഹത്തിന്റെ സേനാനായകന്റെ നേതൃത്വത്തിൽ തുടർഭരണമായി.

## പിടിയിലായ വമ്പൻ പ്രയോജനരഹിതമായ കാർഡ്?

1967ലെ ഇസ്രായേൽ - അറബ് യുദ്ധത്തിൽ ഇറാക്ക് അറബ് പക്ഷത്ത് നിന്ന് കെടുതികൾ ഏററുവാങ്ങി. അധികാരത്തിലിരിക്കുന്ന സേനാനായകൻ, ബാത്ത് പാർട്ടിയുമായി സന്ധിയുണ്ടാക്കി. ബാത്ത് നേതാവ് അൽബക്കർ ഇറാക്ക് പ്രസിഡന്റായി. 1979 വരെ ബക്കർ ആ സ്ഥാനത്തിരുന്നു. പിന്നെ രാജിവച്ചു. തുടർന്നാണ് സദ്ദാംഹുസൈൻ പ്രസിഡന്റായത്.



നേരത്തെ വിപ്ലവകക്ഷി നേതാവ് അബ്ദുൾ കരീം കസെമിനെ വധിക്കുന്നതിന് പിന്തുണ നൽകിയത് അമേരിക്കൻ ചാരസംഘടനയായ സി. ഐ. എ ആയിരുന്നു. അന്ന് അവർ ഇറാക്കി കമ്മ്യൂണിസ്റ്റുകളുടെ പേരും വിലാസവും ശേഖരിച്ചു നൽകിയാണ് കശാപ്പ് സുഗമമാക്കിയത്. അമേരിക്കൻ ഇടപെടലിന്റെ ശ്രദ്ധേയമായ ഘട്ടം ഇവിടംമുതലാണ് ആരംഭിച്ചത്.

**ഇറാൻ - ഇറാക്ക് യുദ്ധവും സമകാലിക സംഭവങ്ങളും**

ഇറാക്കിന്റെ ജീവനാഡി രണ്ടു നദികളാണ് - യൂഫ്രട്ടീസും, ടൈഗ്രിസും. കുർദിസ്ഥാൻ പർവ്വതത്തിൽ ഉത്ഭവിച്ച് പകുതി നീളം ടർക്കിയിലും സിറിയയിലും ഒഴുകിയശേഷം വടക്കുപടിഞ്ഞാറൻ ഇറാക്കിൽ പ്രവേശിച്ച് തെക്കുകിഴക്കോട്ട് ഒഴുകുന്നതാണ് യൂഫ്രട്ടീസ് നദി. ഇത് പിന്നെ ബസ്രയ്ക്ക് അടുത്തുവച്ച് ടൈഗ്രിസ് നദിയുമായി ചേരുന്നു. കുർദിസ്ഥാൻ പർവ്വതത്തിന്റെ തെക്കുഭാഗത്തു നിന്ന് പുറപ്പെട്ട തെക്കുകിഴക്കോട്ട് ഒഴുകിയാണ് ടൈഗ്രീസ് നദി യൂഫ്രട്ടീസുമായി സംഗമിക്കുന്നത്. സംഗമത്തിനുശേഷം ഷാററ്- അൽ- അറബ് എന്ന പേരിൽ പേർഷ്യൻ ഉൾക്കടലിൽ ചെന്നു ചേ


രുന്നു. ഷാററ് - അൽ - അറബിന്റെ ഗതാഗത നിയന്ത്രണ അവകാശം തങ്ങൾക്ക് വേണമെന്ന് ആവശ്യപ്പെട്ടാണ് ഇറാനും ഇറാക്കും തമ്മിൽ കലഹം തുടങ്ങിയത്. 1935ൽ ഇതു സംബന്ധമായ ഒരു ഇന്റർനാഷണൽ കമ്മിഷന്റെ വിധി ഇറാക്കിന് അനുകൂലമായി. ചുരുങ്ങിയ ചില തുറമുഖപ്രദേശങ്ങളിൽ മാത്രമേ ഇറാന് അധികാരം ലഭിച്ചുള്ളു.

അമേരിക്ക ഇറാനിലെ ഷായുമായി ചങ്ങാത്തം സ്ഥാപിച്ചപ്പോൾ ഇറാന് പരിമിതമായ അധികാരം മാത്രം കിട്ടിയ ഷാററ് - അൽ - അറബിന്റെ നിയന്ത്രണാവകാശ പ്രശ്നം വീണ്ടും കുത്തിപ്പൊക്കിച്ചു. ഒപ്പം ഇറാനിന്റെ താല്പര്യപ്രകാരം ഇസ്രായേൽ - സി. ഐ. എ ഒത്താശയോടെ ഇറാക്കിന് എതിരായി കുർദുകളുടെ കലാപം ഇളക്കിവിട്ടു.

പക്ഷെ, ഇറാനിൽ യാഥാസ്ഥിതിക മതവാദികൾ അധികാരം പിടിച്ചു. അമേരിക്കയുടെ കെണിക്ക് വഴങ്ങാത്ത പുതിയ അധികാരികളെ ഉപേക്ഷിച്ച് അവർ ഇറാക്കുമായി സൗഹൃദം ആരംഭിച്ചു. ഇറാക്കിലെ കമ്മ്യൂണിസ്റ്റ് പ്രവർത്തകരെ ഒതുക്കാൻ ഈ പുതിയ സൗഹൃദം അമേരിക്കയ്ക്ക് പര്യാപ്തമായി. ഷാററ് - അൽ - അറബ് പ്രശ്നം ആളിക്കത്തിച്ച് ഇറാൻ - ഇറാക്ക് യുദ്ധമാക്കാനും അമേരിക്കയ്ക്ക് കഴിഞ്ഞു. ഒരു ദശാബ്ദത്തോളം നീണ്ടു നിൽക്കുകയും ഒരു ദശലക്ഷം ജീവഹാനി വിതയ്ക്കുകയും ചെയ്ത ഇറാൻ - ഇറാക്ക് യുദ്ധം!

1987ൽ ഈ യുദ്ധത്തിനിടെ അമേരിക്ക സദ്ദാമിന് പിന്തുണ നാടകീയമായി പ്രകടിപ്പിച്ച ഒരു സംഭവമുണ്ടായി. പേർഷ്യൻ ഉൾക്കടലിൽ അതിർത്തി ലംഘിച്ച അമേരിക്കയുടെ സ്റ്റാർക്ക് എന്ന കപ്പലിന് നേരെ ഇറാക്ക് എക്സോസെററ് മിസൈൽ പ്രയോഗിച്ചു. തൽഫലമായി 33 അമേരിക്കൻ നാവികസേനക്കാർ മരിച്ചു. അമേരിക്കയുടെ പ്രതികരണം ഇതായിരുന്നു. ഇത് ചെയ്തത് ഇറാനാണ്. ഇങ്ങനെ അതിനാടകീയമായി ഇറാക്കിനെ കുററവിമുക്തമാക്കുകയും ഇറാനെ പഴിചാരുകയും ചെയ്തു. തീർന്നില്ല, ഇതിന് പ്രതികാരമെന്നവണ്ണം, അമേരിക്കയുടെ വിൻസെൻസ് എന്ന കപ്പൽ ഇറാനിയൻ സാഗരാതിർത്തിയിൽ കടന്ന് ഒരു ഇറാനിയൻ വിമാനം വെടിവച്ചു വീഴ്ത്തി അതിലെ 290 മനുഷ്യരെയും കൊന്നു! ഇറാക്കിനെ കുപ്പിയിൽ അടയ്ക്കാൻ, മനുഷ്യത്വമുള്ളവർക്ക് അചിന്തനീയമായ ഇത്തരം തറവേലകൾ വരെ അമേരിക്ക പയററി.

ഇതിനിടെ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് റീഗന്റെ സവിശേഷ ദൂതനായി 1983ൽ ഡോണാൾഡ് റംസ്ഫീൽഡ് ഇറാക്കിൽ എത്തി. ഇറാക്ക് - അമേരിക്ക ബന്ധങ്ങൾ ഇങ്ങനെ പുഷ്ടിപ്രാപിച്ചു. ഇപ്പോഴത്തെ ബുഷിന്റെ അച്ഛൻ ബുഷ് തന്റെ ദൂതനായി ജെയിംസ് ബെക്കറെ അയച്ചു. അദ്ദേഹം സൈനിക സാങ്കേതികതയുടെയും ജൈവരാസ ആയുധങ്ങളുടെയും ശേഖരണത്തിന് സദ്ദാമിനുള്ള പച്ചക്കൊടിയുമായിട്ടായിരുന്നു ചെന്നത്. അമേരിക്ക, സദ്ദാം ഹുസൈൻ, ചിലിയിലെ കുപ്രസിദ്ധനായ പിനോച്ചെ, സൗത്ത് ആഫ്രിക്കയിലെ വർണ്ണവെറിയൻ ഗവൺ



ഇറാൻ ഭൂകമ്പം വിതച്ചനാശം

മെന്റ് എന്നിവരുടെ ദൂഷിതവലയം സംഘടിപ്പിക്കാനും ഈ ദൂത് ഉതകി. യു. എസ്. കോമേഴ്സ് ഡിപ്പാർട്ട്മെന്റ് ഇറാക്കിന് ജൈവായുധ നിർമ്മാണത്തിന് പററിയ അഫ്ളോറേറാക്സിൻ ഇറക്കുമതി ചെയ്യാൻ 1984ൽ ലൈസൻസ് നൽകുകയും ചെയ്തു. സദ്ദാമിന് ഇങ്ങനെ സംഭരിക്കാൻ കഴിഞ്ഞ രാസായുധം കുർദുകളെ വകവരുത്താൻ ഉപയോഗിച്ചു. അവരെ ഗ്യാസടിച്ച് കൊന്നു.

ഇങ്ങനെയൊക്കെ അമേരിക്കൻ ഉററബന്ധുമായ തനിക്ക് കുവൈററിനെ ആക്രമിക്കാൻ എന്താണ് പ്രയാസം? ഇറാൻ യുദ്ധകാലത്തെ അതീഭീമമായ ഒരു കടം (അനേകം ബില്യൺ ഡോളർ വരുന്ന തുക) ഇറാക്ക് കുവൈററിന് കൊടുക്കാനുണ്ട്. അതോടൊപ്പം കുവൈററ് എണ്ണവില കുറച്ച് ഇറാക്കിന് പ്രതിസന്ധി ഉണ്ടാക്കാൻ ശ്രമിക്കുന്നു; തങ്ങളുടെ റാമള്ള എണ്ണപ്പാടത്ത് അതിക്രമിച്ച് കയറി കുവൈററ് എണ്ണ ഊററുന്നു! ചരിത്രപരമായി കുവൈററ് ഇറാക്കിന്റെ ഭൂമിയാണ് എന്ന വാദമുയർത്തി സദ്ദാം കുവൈററിനെ ആക്രമിക്കാൻ തുനിയുന്നു. ഒരു വെടിക്ക് പല പക്ഷികൾ! കടം തീരും, സാമ്പത്തിക പ്രതിസന്ധി തീരും, എണ്ണ ഊററ് തീരും, കുവൈററ് സ്വന്തമാകുകയും ചെയ്യും. മാരകായുധ ഭൂഷിതനായ അമേരിക്കൻ ചങ്ങാതി, എങ്കിലും യു. എസ്. അംബാസഡറോട് ഒരു വാക്കു ചോദിച്ചു. കുവൈററ് കാര്യത്തിൽ എന്തു പറയുന്നു? അംബാസഡറായിരുന്ന ഏപ്രിൽ ഗ്ലാസ്പി പറഞ്ഞു, നിങ്ങൾക്ക് അതിർത്തി രാജ്യവുമായുള്ള ഏതു പ്രശ്നവും എങ്ങിനെയും പരിഹരിക്കാം പിന്നെ വൈകിയില്ല, സദ്ദാം കുവൈററ് ആക്രമിച്ചു. അമേരിക്കയുടെ നാടകീയത ആവർത്തിച്ചു. ഇത്തവണ പക്ഷെ വിപരീത ദിശയിൽ! കുവൈററിൽ രക്ഷകനായി ലോകപോലീസായി അമേരിക്ക ഗോദായിൽ ഇറങ്ങി.

പിന്നെ പേഴ്സ് കൊണ്ട് ചെന്ന് അന്യന്റെ പോക്കററിലിട്ടിട്ട് പോക്കററടിക്കാരൻ എന്ന് വിളിച്ചപോലെ, കൂട്ടസംഹാരത്തിന്റെ മാരകായുധങ്ങൾ പിടിച്ചെടുക്കാൻ "ലോകപോലീസും" "സൂര്യനസ്തമിക്കാത്ത സാമ്രാജ്യക്കാരനും" ചേർന്നൊരുക്കിയ യുദ്ധനാടകം ഈയിടെ ലോകം കണ്ടു.

തന്റെ ഒരുകാലത്തെ സുഹൃത്ത് നികൃഷ്ടമായി തള്ളിപ്പറയുകയും ഹിംസിക്കുകയും ചെയ്തപ്പോൾ സദ്ദാം വിളിച്ചുകൂവിയ ജല്പനങ്ങൾ, സമനില വെടിഞ്ഞ പോർവിളികൾ എന്നിവ അമേരിക്കയെ ധിക്കരിക്കുന്ന "ധീരന്റെ" മൊഴികളായി കേട്ടവരേ, നിങ്ങൾക്ക് ഹാ കഷ്ടം എന്നല്ലാതെ എന്തു പറയാൻ? 1979 മുതൽ പ്രജാപീഡനം നടത്തി സ്വേച്ഛ അടിച്ചേല്പിച്ച് കുർദ്, ഷിയ വിഭാഗങ്ങളുടെ ശമിക്കാത്ത വിരോധമേററുവാങ്ങിയ സദ്ദാമിന് സ്വന്തം മണ്ണിൽ താൽക്കാലികമായ നിലനിൽപേ ഉള്ളു എന്ന് തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു.

12 ഗറില്ല ഗ്രൂപ്പുകൾ ഇറാക്കിൽ ഒളിപ്പോർ നടത്തുന്നു. അതിൽ ഒന്ന് മാത്രമാണ് സദ്ദാമിന്റെ വിഭാഗം. ഇവരെല്ലാം വിദേശികളായ യാങ്കിപ്പടയെ ആക്രമിക്കുന്നു. വംശീയമായി വിഘടിച്ചുനിൽക്കുന്നവരിൽ ഷിയ ഗ്രൂപ്പുകൾക്കത്രെ അവിടെ അധികാരത്തിൽ വരാൻ കഴിയുന്ന ശേഷിയുള്ളത്. അവർ പക്ഷെ അമേരിക്കയുടെ ചൊല്പടിക്ക് നിന്ന് ഇറാക്ക് ഭരിക്കുന്നവരല്ല, ആകില്ല എന്ന് അവരുടെ നേതാവ് അയത്തൊള്ള സെയ്ദ് മുഹമ്മദ് അൽ അക്കിം വ്യക്തമാക്കിയിട്ടുണ്ട്. സദ്ദാം ഉൾപ്പെട്ട സുന്നിവിഭാഗത്തെ അമേരിക്ക അധികാരമേല്പിച്ചാൽ സദ്ദാമായിരിക്കില്ലല്ലോ അതിന്റെ തലപ്പത്ത്. അടിക്കടി അമേരിക്കൻ പട്ടാളക്കാർ ഒളിപ്പോരുകാരുടെ വെടിയും സ്ഫോടനവുമേററ് പൊടിഞ്ഞുകൊണ്ടിരിക്കുന്നു. സുഗമമായി ഒരു പ്രോക്സി സർക്കാരുണ്ടാക്കാൻ കഴിയാത്ത നിലയിൽ അമേരിക്ക അവരുടെ ഇറാക്കിലെ സൈനികമേധാവി പോൾ ബ്രമറുമായി വെള്ളം കുടിക്കുന്നു.

ഒരുപാട് കുത്സിത സമ്പത്തും കുടിലബുദ്ധിയും നിക്ഷേപിച്ച് സമ്പാദിച്ച ഒരു എണ്ണ - ആസ്ഥാനത്ത് ഇങ്ങനെ തട്ടുംമുട്ടും കിട്ടിയെങ്കിലും അമേരിക്കയ്ക്ക് കാലം കഴിക്കാൻ കഴിയുന്നത് ഇറാക്കിലെ അനൈക്യവും മദ്ധ്യപൂർവ്വദേശത്തെ ഒരുമയില്ലായ്മയും മൂലമാണ്. ആരോടെങ്കിലും മല്ലിടാനുള്ള ഒരു കലഹപ്രവണത ആ പ്രദേശത്തുകാർക്ക് രക്തത്തിൽ അലിഞ്ഞുചേർന്ന പോലെ കാണാം. അത് നിയന്ത്രിച്ച് പരസ്പരം യോജിച്ച് പൊതുശത്രുവിനോട് പൊരുതാനുള്ള മാനസിക നിലയാണ് അവിടുത്തെ നേതാക്കന്മാർക്ക് ഉണ്ടാവേണ്ടത്.

സദ്ദാമിനെ വധിക്കുമെന്ന് കൊച്ചുബുഷ് സൂചിപ്പിച്ചിട്ടുണ്ട്. പണ്ട് പനാമയിലെ പ്രസിഡന്റായിരുന്ന നൊരിയേഗയെ കൊല്ലുമെന്ന് പറഞ്ഞ് അമേരിക്കൻ തടവിൽ ഇട്ടിട്ട് കൊല്ലം എത്രകഴിഞ്ഞിരിക്കുന്നു? സദ്ദാമിനെ വധിച്ചാൽ ഇറാക്കിൽ ഒരു പ്രോക്സി ഗവൺമെന്റ് ഉണ്ടാകുമായിരുന്നെങ്കിൽ അത് എന്നേ അമേരിക്ക ചെയ്തേനെ. കളിയുടെ ഉചിതഘട്ടത്തിന് വേണ്ടി കരുതിയിരിക്കുന്ന കാർഡ് ആണ് സദ്ദാം എന്ന് അമേരിക്ക കരുതുന്നുണ്ടാവില്ല. ■

# International Students

**Dr. P.S.Mohanakumar**
S.S. College, Kalady

As per the latest estimates more than 50,000 Indian students are enrolled for studies abroad. But the number of foreign students enrolled in different Indian universities were only 7791 in the year 2001. It was 13,000 students in the year 1993-94. What a sharp fall! International students in Indian universities from select countries are given below (for the year 2000-2001).

| Country | Number of foreign Students |
|---|---|
| China | 20 |
| Japan | 48 |
| Germany | 19 |
| France | 23 |
| USA | 246 |
| Bangladesh | 576 |
| Mauritius | 546 |
| Kenya | 968 |
| Sri Lanka | 383 |

International students constitute 3 per 1000 among those from USA and 1 per 1000 from Canada and UK. Iran had been the largest source of foreign students in India and the number was 24,000 in 1979-80 and the number of students reduced to 100 student 1998-99. The number of students of China in India was only about 30 compared to 75 positions offered to China during the last 3 years. The number of students in India from several high-income countries is less than the number of positions offered by India. India is getting the largest number of students from Kenya, Nepal, Bangladesh and Ethiopia. They prefer only a few top universities in India. The number of foreign students in Indian Universities on the order of preference are given below

| Name of University | Number of foreign students |
|---|---|
| 1. University of Pune | 1310 |
| 2. University of Delhi | 1190 |
| 3. Manipal Academy of Higher Education | 483 |
| 4. University of Mysore | 478 |
| 5. Osmania University | 310 |
| 6. Dr. B.R.Ambedkar Open University | 225 |
| 7. University of Roorkee (IIT Roorkee) | 218 |
| 8. IGNOU | 209 |
| 9.. University of Mumbai | 200 |
| 10.Punjab University | 187 |

The number of foreign students in USA for various years are given below

| Year | Foreign students in USA |
|---|---|
| 1954-55 | 34,232 |
| 1974-75 | 1,54,580 |
| 1994-95 | 4,52,653 |
| 1999-2000 | 5,14,723 |
| 2001-2002 | 5,47,867 |

The number of foreign students in other select countries for the years 1999-2000 are given below

| | |
|---|---|
| Australia | 1,07,000 |
| Germany | 1,60,000 |
| France | 1,73,000 |
| UK | 2,18,823 |

## Statistical profile of Indian Higher Education System

| | |
|---|---|
| Total number of universities | 304 |
| Deemed universities | 62 |
| Traditional universities | 193 |
| Number of Colleges | 14,600 |
| Total number of Students | 89 lakhs |
| Number of teachers | 3,40,000 |

**Enrolment in the age group 17-23 years**

| | |
|---|---|
| India | 6.9% |
| USA | 80.9% |
| UK | 52.3% |
| Australia | 79.8% |
| New Zealand | 62.6% |

## Biggest multinational Educational Institutes

1. Global Alliance for Transnational Education (GATE)
2. University of Phoenix
3. Microsoft
4. IBM
5. Merck
6. Biogen
7. Elsevier
8. Bertlesmann

## Modes of Internationalisation of Higher Education in India

1. Consumption abroad
2. Commercial Presence. eg:- Apeejay School of Management
3. Twinning Programme. eg:- by MAHE (Manipal Academy of Higher Education).
4. Cross Border supply. eg:- IGNOU

*"In a world divided into developed and developing countries, developed countries grow stronger through internationalisation of education".*

*(Compiled from AIU, Publications)*


**ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്**

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യ സൃഷ്ടികൾ, സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, തീസിസ് അബ്സ്ട്രാക്ടുകൾ, വിജ്ഞാന പ്രദങ്ങളായ കുറിപ്പുകൾ, മററു വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

**വാർഷിക വരിസംഖ്യ 50 രൂപ മാത്രം**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.



ചീഫ് എഡിറററുടെ വിലാസം: **എസ്. ജയരാജ് കുമാർ,** ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്, കൊച്ചുള്ളൂർ, മെഡിക്കൽകോളേജ് പി.ഒ., തിരുവനന്തപുരം - 695 011 (ഫോൺ - 0471-440004)

മാനേജിംഗ് എഡിറററുടെ വിലാസം: **വി. ജയകുമാർ,** ഐശ്വര്യ, ററി. സി. 55/494, ശാരദാ ഗാർഡൻസ് ലെയിൻ, നീറമൺകര, പാപ്പനംകോട് പി. ഒ, തിരുവനന്തപുരം- 695 018, ഫോൺ: 0471-2491432

ഓഫീസ്: എ.കെ.പി.സി.ടി.എ. സംസ്ഥാനകമ്മിററി ഓഫീസ്, മാതൃഭൂമി റോഡ്, വഞ്ചിയൂർ തിരുവനന്തപുരം - 695 035, ഫോൺ - 0471-463494, Fax: 0471-468984. e-mail:akpcta@sancharnet.in

www.akpcta.org

# അമേരിക്കയുടെ രാസായുധ ശേഖരം[1]

ഡോ. എം.ആർ.സുദർശനകുമാർ
രസതന്ത്രവിഭാഗം, എം.ജി.കോളജ്,തിരുവനന്തപുരം

അമേരിക്കൻ സൈന്യം ഇറാക്കിൽ വമ്പൻ രാസായുധ ശേഖരം കണ്ടുപിടിക്കാൻ വിഷമിക്കുകയാണ്. 1985ൽ റീഗൻ ഭരണകൂടം തങ്ങളുടെ പക്കലുള്ള രാസായുധ ശേഖരം നശിപ്പിക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു. 31,500 ടൺ രാസായുധ ശേഖരമാണ് അമേരിക്കയ്ക്കുണ്ടായിരുന്നത്. അതിൽ 45% 2004 ഏപ്രിലിനകം നശിപ്പിക്കുമെന്നായിരുന്നു കരാർ. എന്നാൽ ഒക്ടോബർ 30ന് യു. എസ് കോൺഗ്രസിൽ ജനറൽ അക്കൗണ്ടിംഗ് ഓഫീസ് വെളിപ്പെടുത്തിയ കരാർപ്രകാരം രാസായുധശേഖരത്തിന്റെ 25% മാത്രമേ നശിപ്പിക്കപ്പെട്ടിട്ടുള്ളു. പരിസ്ഥിതിക്കും മനുഷ്യാരോഗ്യത്തിനും നശീകരണപ്രക്രിയ വരുത്താവുന്ന നാശമാണ് കാലതാമസത്തിന് പ്രധാന കാരണമെന്ന് അധികൃതർ പറയുന്നു!

റഷ്യയാണ് ഇതുപോലെ രാസായുധ ശേഖരമുള്ള മറ്റൊരു രാജ്യം. രാസായുധ ഉടമ്പടിയിൽ ഒപ്പുവച്ച രാഷ്ട്രങ്ങൾ അമേരിക്കയുടെ പക്കലുള്ള രാസായുധങ്ങളുടെ പകുതി നശിപ്പിക്കുവാൻ 2007 വരെ സമയം നൽകിയിട്ടുണ്ട്. അതുപോലെ റഷ്യ തങ്ങളുടെ പക്കലുള്ള രാസായുധ ശേഖരത്തിന്റെ 20% 2007 നകം നശിപ്പിക്കേണ്ടിവരും.

## ചൂടിനെ അതിജീവിക്കുന്ന ചാലകം[2]

ചൂടാക്കുമ്പോൾ പദാർത്ഥങ്ങൾ വികസിക്കുകയാണ് പതിവ്. ചൂടാക്കുമ്പോൾ ചുരുങ്ങുന്ന പദാർത്ഥങ്ങളുമുണ്ട്. ഈ രണ്ടുതരത്തിലുള്ള പദാർത്ഥങ്ങളുടെ സങ്കരം ചൂടാക്കുമ്പോൾ വികസിക്കുകയോ ചുരുങ്ങുകയോ ചെയ്യരുത്. മിഷിഗൺ സ്റേററ് സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്തയിറെറർബിയം, ഗാലിയം, ജെർമേനിയം എന്നീ മൂലകങ്ങളുടെ സങ്കരം ചൂടാക്കുമ്പോൾ വികസിക്കുകയോ ചുരുങ്ങുകയോ ചെയ്യില്ല. മാത്രവുമല്ല ഈ പദാർത്ഥം ചാലകമാണെന്നുള്ള സവിശേഷതയുമുണ്ട്.

## ഇന്ത്യയും ചൈനയും'ഗലീലിയോ'യുടെ സുഹൃത്തുക്കൾ[3]

യൂറോപ്പിന്റെ സാററലൈററ് പൊസിഷനിംഗ് സിസ്റ്റമായ 'ഗലീലിയോ'യുടെ വികസനത്തിന് ഇന്ത്യയും ചൈനയും പങ്കാളികളാകുന്നു. ഇന്ത്യ 260 ദശലക്ഷം യൂറോയും ചൈന 200 ദശലക്ഷം യൂറോയും പദ്ധതിക്ക് നൽകും.

ഗലീലിയോ അമേരിക്കയുടെ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റത്തെ ദോഷകരമായി ബാധിക്കുമെന്ന് അമേരിക്ക വാദിക്കുന്നു. എന്നാൽ ഗലീലിയോയുടെ മെച്ചപ്പെട്ട പ്രവർത്തനം തങ്ങളുടെ മിലിട്ടറി ബലഹീനതയ്ക്ക് കാരണമാകുമെന്നാണ് അമേരിക്കയുടെ യഥാർത്ഥ ഭയം. 3.25 ബില്യൺ യൂറോ (18642 കോടി രൂപ)യുടെ ഈ പദ്ധതി 2008ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 1.1 ബില്യൺ യൂറോ (6310 കോടി രൂപ) ഇതുവരെ സമാഹരിച്ചുകഴിഞ്ഞു. ചൈനയുടെയും ഇന്ത്യയുടെയും സംഭാവന 2 ബില്യൺ യൂറോയുടെ (8719 കോടി രൂപ) കുറവ് പരിഹരിക്കാനും കൂടുതൽ രാഷ്ട്രങ്ങൾ ഈ പദ്ധതിയിൽ ചേരാനും കാരണമാകുമെന്ന് കരുതപ്പെടുന്നു.

## ചൈന മൂന്നാം സ്ഥാനത്ത്[4]

ശാസ്ത്രസാങ്കേതിക മേഖലയിലെ മുതൽമുടക്കിന്റെ കാര്യത്തിൽ മൂന്നാംസ്ഥാനം ചൈനയ്ക്കാണ്. 2001ൽ ചൈന 6000 കോടി ഡോളറാണ് (2,74,200 കോടി രൂപ) ഗവേഷണത്തിനായി ചെലവഴിച്ചത്. ഒന്നാം സ്ഥാനത്തുള്ള അമേരിക്ക 28200 കോടി ഡോളറും (12,88,740 കോടി രൂപ) രണ്ടാം സ്ഥാനത്തുള്ള ജപ്പാൻ 10,400 കോടി ഡോളറുമാണ് (4,84,400 കോടി രൂപ) ഗവേഷണത്തിനായി ചെലവഴിച്ചത്.

References
1. New Scientist, 8 November 2003, P-4
2. Physics World, November 2003, P-3
3. New Scientist, 8 November 2003, P-5
4. New Scientist, 1 November 2003, P-3

# LEENA GROUP

In the Land of Ayurveda a Renowned
Name Where Hospitality Meets Tradition

-Our Members

## LEENA TOURIST HOME

(Bar Attached)
A.V.S. Road . Kottakkal
Malappuram (Dt) Kerala
A/c Non A/c. Luxurious Suites
and deluxe Rooms

FAMILY RESTAURANT
CONFERENCE HALL
ROOF TOP RESTAURANT

Ph.No 0483-2742233,2744435(off)
Fax. 0483-2743797
Res.0483-2742633
E.mail : Leena Group @ eth. Net

## River Retreat (*** Hotel)

(Bar Attached)
(A unit of Nila Resorts)
Palace Road, Cheruthuruthy
Trissur (Dt), Kerala, Ph: 679531

**Fully Air-conditioned Luxurious Suites and Deluxe Rooms.**
**Bar Attached A/c Restaurant**

On the banks of Bharathapuzha
Ph:04884-262974 Fax: 04884-262974
04884-262244/04884-262245
E-mail: riverretreat@hotmail.com
Website: www.riverretreat.info

## LEENA THEATRE (DTS)

A.V.S. ROAD .KOTTAKKAL
MALAPPURAM (DT)
PH: 0483-2742233 (OFF)
FAX: 0483-2743797
RES: 0483-2742344

## Hotel Pushpak (** Hotel)

(Bar Attached)
Airport Road, Thurakkal, Kondotty, Malapuram Dist.
Ph: 0483 2712340, 2710360

**A/c. Non A/c Luxurious Suites and Deluxe Rooms.**
**Car parking facility.**

Just a walk away from Airport.

# International recognition for study on redrain (colour rain)



Dr. Sainudeen Pattazhy

The research studies conducted by Dr. Sainudeen Pattazhy environmentalist & senior lecturer in Zoology, S. N College , kollam on red rain that occured in the Kerala state in 2001-02 have been accepted by U. S scientists as the basic cause of red rain (colour rain) that occured in different parts of the world on many occassions. The basic cause of red rain was unknown to the world till now. The findings of the study have been published in an International Journal from America ( Journal of Environmental Sciences).

Red rains had occured in different parts of the world on many occasions like Naples, Italy, (1818), Belgium (1819), England (1871),Africa (1888), Switzerland (1911), America (1955), & Kerala (2001).

The scientists in these countries had came to the conclusion that algae, lichens, sandstorm. pollengrains etc caused red rain: The inventer of the cause of red rain had contradicted these findings saying that though these agents were there on the earth for centuries, red rains did not always occur. According to him, biogases from under the earth's crust get released into the atmosphere due to natural calamities like earthquakes, landslides, collapse of wells etc. Several ores also get discharged into the atmosphere along with these biogases and these ores inturn give red colour to the water and bio-cells the different colours of water corresponded to the different types of ores present in the medium.

During the emission of biogases from the earth's crust, the biocells get adhered to the plants and the substratum also get released into the atmosphere. This was the reason for the high density of biocells in the red rain water.

# ടെലിവിഷൻ അവാർഡ്



അംബികാസുതൻ മങ്ങാട്

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ മികച്ച കഥാകൃത്തിനുള്ള 2003-ലെ ടെലിവിഷൻ അവാർഡിന് കാഞ്ഞങ്ങാട് നെഹ്റു ആർട്സ് സയൻസ് കോളജിലെ മലയാള വിഭാഗം അധ്യാപകനായ ഡോ. അംബികാസുതൻ മാങ്ങാട് അർഹനായി. കൈരളി ചാനലിൽ പ്രക്ഷേപണം ചെയ്ത 'കൊമേർഷ്യൽ ബ്രൊയ്ക്' എന്ന ടെലിഫിലിമിന് ആസ്പമായ കഥയാണ് അവാർഡിന് തെരഞ്ഞെടുക്കപ്പെട്ടത്. 'കൊമേർഷ്യൽ ബ്രെയ്ക്' എന്ന പേരിൽ പ്രസിദ്ധീകൃതമായ ചെറുകഥാ സമാഹാരത്തിന് കഴിഞ്ഞവർഷം ഇടശ്ശേരി അവാർഡ് ലഭിച്ചിരുന്നു.

**അഭിനന്ദനങ്ങൾ**


# ഡോക്ടറേററ് ലഭിച്ചു



കളമശ്ശേരി സെന്റ് പോൾസ് കോളജ് ഹിന്ദിവിഭാഗം അദ്ധ്യാപിക **എം.എസ്. ഗീതയ്ക്ക്** കാലടി ശ്രീശങ്കരാചാര്യ സർവ്വകലാശാലയിൽ നിന്നും ഡോക്ടറേററ് ലഭിച്ചു. "ഭീഷ്മാസാഹ്നിയുടെ പ്രതിജ്ഞാബദ്ധ നാടകങ്ങളെ"ക്കുറിച്ച് തയ്യാറാക്കിയ പ്രബന്ധത്തിനാണ് ഡോക്ടറേററ്.



കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കോളജ് കോമേഴ്സ് അദ്ധ്യാപകൻ **ശ്രീ കുര്യൻ ജോസഫിന്** മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേററ് ലഭിച്ചു.''ഉപഭോക്താവും സംഘടിത ഉപഭോഗവും: ഏജൻസികളുടെ പ്രസക്തി " എന്ന ഗവേഷണ പ്രബന്ധത്തിനാണ് പി എച്ച് ഡി ലഭിച്ചത്. ഡോ. എസ് . രാജുവിന്റെ മേൽനോട്ടത്തിലാണ് ഗവേഷണം നടത്തിയത്.



കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല മലയാള വിഭാഗത്തിൽ നിന്നും ''ശാസ്ത്രാഭിമുഖ്യം സി. രാധാകൃഷ്ണന്റെ നോവലുകളിൽ " എന്ന വിഷയത്തിൽ ഡോക്ടറേററ് ലഭിച്ച തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളജ് മലയാളവിഭാഗം അധ്യാപകനായ **ബി. പത്മനാഭപിള്ള** . ഡോ. തോന്നക്കൽ നാരായണന്റെ മേൽനോട്ടത്തിലാണ് ഗവേഷണം നിർവഹിച്ചത്.



കായംകുളം എം. എസ്. എം. കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകൻ **കെ. വേണുഗോപാലിന്** കേരള സർവ്വകലാശാലയിൽ നിന്നും ഡോക്ടറേററ് ലഭിച്ചു. "The Girl Child in post - independence Indian Fiction in English" എന്ന വിഷയത്തിൽ ആയിരുന്നു ഗവേഷണം. കേരള സർവ്വകലാശാല Institute of English ഡയറക്ടർ ഡോ. കെ. രാധയുടെ . മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

# അഭിനന്ദനങ്ങൾ

**?** രണ്ടു വ്യത്യസ്ഥ ഡിപ്പാർട്ട്മെന്റുകളിൽ ഒരേ ദിവസം ജോലിയിൽ പ്രവേശിച്ച സ്വകാര്യകോളജ് അദ്ധ്യാപകരുടെ സീനിയോറിററി നിശ്ചയിക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്

**ശ്രീ. അലിക്കുഞ്ഞ്,**
*മഞ്ചേരി*
**ശ്രീ. രാജൻ,***തൃശൂർ*

**=** സ്വകാര്യ കോളജുകളിലെ അദ്ധ്യാപകരുടെ സീനിയോറിററി നിശ്ചിക്കുന്നത് യൂണിവേഴ്സിററി സ്റ്റാററ്യൂട്ടിലെ നിയമങ്ങൾക്ക് വിധേയമായിട്ടാണ്.

പ്രസ്തുത നിയമങ്ങൾക്ക് ഒരേ ഡിപ്പാർട്ടുമെന്റിലെ അദ്ധ്യാപകരുടെ സീനിയോറിററി നിശ്ചയിക്കുന്ന വ്യവസ്ഥകൾ മാത്രമെ ഉൾകൊള്ളിച്ചിട്ടുള്ളു.

## വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് നീതി നിഷേധിക്കപ്പെട്ടെന്ന് തോന്നിയാൽ ഉപഭോക്താവിന് എം. ആർ. ടി. പി. കമ്മീഷനെ സമീപിക്കാം.

വിദ്യാഭ്യാസ മേഖലയിലെ അനീതിക്കെതിരെ സിവിൽ ഹർജി നൽകുകയെന്നത് ചെലവേറിയ കാര്യമാണ്. ഹർജി തീർപ്പാകാൻ വർഷങ്ങളെടുക്കുകയും ചെയ്യും. പ്രത്യേക കേസുകളിൽ ഉപഭോക്തൃകോടതിക്ക് നടപടിയെടുക്കാൻ പററും. എന്നാൽ ഇവയ്ക്ക് പരാതിക്കാരന്റെ പ്രശ്നം മാത്രമെ പരിഹരിക്കാനാവൂ. എല്ലാ സ്ഥാപനങ്ങൾക്കും ബാധകമായ പൊതു സ്വഭാവമുള്ള വിധി പുറപ്പെടുവിക്കാനാവില്ല. ഉയർന്ന ഫീസീടാക്കുന്നു എന്നതിന്റെ പേരിൽ മാത്രം ഉപഭോക്തൃകോടതിക്ക് നടപടിയെടുക്കാനുമാവുകയില്ല. എന്നാൽ എം. ആർ ടി പി . കമ്മീഷന് ഇക്കാര്യത്തിൽ ഒട്ടേറെ അധികാരങ്ങളുണ്ട്. ആരുടെയും പരാതിയില്ലാതെ തന്നെ സ്ഥാപനങ്ങൾക്കെതിരെ സ്വമേധയാ കേസെടുക്കാനും കമ്മീഷനാവും. ഫീസിന്റെ കാര്യത്തിലും കമ്മീഷന് നടപടിയെടുക്കാം. ഇടക്കാല ഉത്തരവും പുറപ്പെടുവിക്കാം.

വിദ്യാഭ്യാസം സേവനമാണോ എന്ന കാര്യത്തിൽ വ്യത്യസ്ത നീതിന്യായ സമിതികൾ പരസ്പര വിരുദ്ധമായ വിധികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഏറെക്കാലം ഇക്കാര്യത്തിൽ തീർപ്പാകാതെ കിടക്കുകയും ചെയ്തു. വിദ്യാഭ്യാസം സേവനമാണെന്നും സ്കൂളുകളും കോളജുമടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ എം . ആർ. ടി. പി കമ്മീഷന്റെ നിയന്ത്രണത്തിൻ കീഴിൽ വരുമെന്നും 1988 ജൂണിൽ കമ്മീഷൻ ആദ്യമായി വിധിച്ചു. ഇതെത്തുടർന്ന് വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളെപററി കമ്മീഷനു മുന്നിൽ നൂറുകണക്കിന് പരാതികളെത്തി. പലതും തീർപ്പുകല്പിക്കപ്പെടുകയും ചെയ്തു. എന്നാൽ 1998 മെയ് 15ന് കമ്മീഷൻ നിലപാടു മാററി. വിദ്യാഭ്യാസം എം . ആർ . ടി. പി കമ്മീഷന്റെ നിയന്ത്രണത്തിൽ വരുന്ന സേവനമല്ലെന്ന് "ഹോളി എയ്ഞ്ചൽ സ്കൂൾ കേസിൽ കമ്മീഷന്റെ ഫുൾ ബഞ്ച് വിധിച്ചു.

2003 ആഗസ്റ്റ് 28 എം. ആർടിപി കമ്മീഷൻെറ ഫുൾബഞ്ച് വിധി ചിത്രം മാററിക്കുറിച്ചു. സഞ്ജീവനി റൂറൽ എഡ്യൂക്കേഷൻ സൊസൈററി കോളജ് ഓഫ് എഞ്ചിനീയറിംഗിന്റെ പ്രിൻസിപ്പലിനെതിരെ സിദ്ധാർഥ് ലാംബ നൽകിയ പരാതിയിലാണ് നിർണായക വിധി വന്നത്. വിദ്യാഭ്യാസ എം ആർടിപി നിയമത്തിനു കീഴിൽ വരുമെന്നും നീതി രഹിതമായി പ്രവർത്തിക്കുകയോ അമിത ഫീസ് ഈടാക്കുകയോ ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ കമ്മീഷന് നടപടിയെടുക്കാമെന്നുമായിരുന്നു വിധി.

ഉപഭോക്തൃ ബോധവത്ക്കരണത്തിനായി പ്രവർത്തിക്കുന്ന സമിതികൾ ശ്രദ്ധിക്കേണ്ട വിധിയാണിത്. വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ വിധി ഉൾക്കൊള്ളണം. കോഴ്സുകൾക്ക് അമിത ഫീസ് ഈടാക്കുന്നത് കുററകരമാണെന്ന് അവർ മനസ്സിലാക്കണം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് നീതി നിഷേധിക്കപ്പെട്ടെന്ന് തോന്നിയാൽ ഉപഭോക്താവിന് എം ആർടിപി കമ്മീഷനെ സമീപിക്കാം. ചെലവു കുറഞ്ഞതും ഫലപ്രദവുമായ മാർഗമാണിത്.


മാതൃഭൂമി

---

വായനക്കാരുടെ സർവ്വീസ് സംബന്ധമായ
ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുന്നതിന് എഴുതുക.

**പ്രൊഫ. ടി.എൻ. മനോഹരൻ**
വടയ്ക്കാട് ഹൗസ്, കുന്നുകുഴി പി. ഒ, തിരുവനന്തപുരം

## ആദരാഞ്ജലികൾ



തിരൂരങ്ങാടി പി.എസ്.എം.ഒ കോളജ് ഹിന്ദിവിഭാഗം തലവനായിരുന്ന **പ്രൊഫ. സുലൈമാൻ** നിര്യാതനായി.
പ്രൊഫ. സുലൈമാന് എ.കെ.പി.സി.ററി.എയുടെ ആദരാഞ്ജലികൾ

# ENGG./MED.ENTRANCE

# ZEPHYR

**City's Recognised Leader in Entrance Coaching**

In today's competitive world of Entrance Coaching, only disciplined training coupled with hardwork and professionalism can make you achieve your goal. A successful Training programme with the appropriate skills, 100% devotion and professionalism are the ingredients that make Zephyr a unique coaching centre.

**Course offered:**

**LONG TERM SCHOOL GOING**

**LONG TERM REPEATERS**

**JANUARY SHORT TERM**

**NRI BATCH**

**CRASH PROGRAMME**

**CORRESPONDENCE COURSE**

**SEPARATE BATCHES FOR ISC, CBSE & PLUS TWO**

**HOSTEL FACILITY AVAILABLE**

**"STABILITY, RELIABILITY AND PROFESSIONALISM IS OUR STRENGTH"**

Learn at Zephyr, be the winner You are....

# ZEPHYR

*The Dream Team in Entrance Coaching*

Near Chinmaya School, Ayurveda College Jn, Trivandrum-1.
Tel: 0471-2473040, 2463040, 2464703, 2467813
Br: Near Baby Memorial Hospital, Calicut-4, Tel: 0495-2724490

**ZENITH OF ELEGANCE AND PLEASANT HOPE AT YOUR REACH.**

**എറണാകുളം ജില്ല**

# ശ്രീശങ്കരാ കോളജ് കലാലയ സംരക്ഷണ സമിതി




കലാലയ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ കലാലയസംരക്ഷണ സദസ്സും ഉന്നതവിദ്യാഭ്യാസ സെമിനാറും നവംബർ 19-ാം തീയതി 3.30 pm ന് കാലടി പ്രൈമാഹാളിൽ വച്ച് നടന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് നടക്കുന്ന സ്വാശ്രയ കോഴ്സുകളുടെ കടന്നാക്രമണവും സ്വകാര്യ മാനേജുമെന്റുകളുടെ ലാഭക്കൊതിയും എയിഡഡ് വിദ്യാഭ്യാസ മേഖലയെ തച്ചുടയ്ക്കുമെന്നും സ്വതന്ത്ര ഇന്ത്യയിലെ വിദ്യാഭ്യാസവിചക്ഷണർ വിഭാവനം ചെയ്ത വിദ്യാഭ്യാസ വീക്ഷണത്തെ നശിപ്പിക്കുമെന്നും സംരക്ഷണ സദസ്സ് ഉത്ഘാടനം ചെയ്ത പ്രശസ്ത ചിന്തകൻ പ്രൊ: എം . എൻ വിജയൻ അഭിപ്രായപ്പെട്ടു. അൺ എയിഡ്ഡ് സ്വാശ്രയ സംരംഭങ്ങൾക്ക് എതിരായി വർഗബഹുജന പ്രസ്ഥാനങ്ങളുടെ ആവശ്യകതയും,ബഹുജനകൂട്ടായ്മയും ആവശ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

എ കെ പി സി ററി എ യുടെ മുൻ സംസ്ഥാന പ്രസിഡണ്ട് ഡോ. ജോയ് ജോബ്കുളവേലിൽ ഉന്നത വിദ്യാഭ്യാസം നേരിടുന്ന പ്രതിസന്ധികളെപററിയുള്ള സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തി. ഉന്നത വിദ്യാഭ്യാസരംഗം നേരിടുന്ന വിവിധ പ്രശ്നങ്ങളെ അധികരിച്ച് ചിന്തോദ്ദീപങ്ങളായ പ്രഭാഷണം നടത്തുകയും ബഹുജന പ്രസ്ഥാനങ്ങളുടെ ആവശ്യകതയും ചൂണ്ടിക്കാണിച്ചു. കലാലയ സംരക്ഷണ സമിതി ചെയർമാൻ ശ്രീ.ടി.ആർ.വി. നമ്പൂതിരിപ്പാട്. കാലടി പ്രദേശത്തെ സാമാന്യജനങ്ങൾക്ക് ഉന്നത വിദ്യഭ്യാസം ലഭിക്കുന്നതിനുള്ള എയിഡഡ് സംവിധാനമായ ശ്രീശങ്കരാ കോളജ് സംരക്ഷിക്കുന്നതിന് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർഥിച്ചു. സംരക്ഷണ സമിതി തയ്യാറാക്കിയ പ്രമേയം സഭ അംഗീകരിക്കുകയും അധികാരികൾക്ക് അയച്ചുകൊടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**കോട്ടയം ജില്ല**

## എ.കെ.പി.സി.ടി.എയ്ക്ക് എതിരില്ല

കോട്ടയം പാമ്പാടി കെ. ജി കോളജ് co-operative society ലേയ്ക്ക് നടന്ന തിരഞ്ഞെടുപ്പിൽ AKPCTA സ്ഥാനാർഥികളായ പ്രൊഫ: സണ്ണിക്കുട്ടി ജോൺ, പി.എൻ. ഹരികുമാർ, പി. എസ്. പ്രദീപ് എന്നിവർ എതിരില്ലാതെതെരഞ്ഞെടുക്കപ്പെട്ടു.

**പത്തനംതിട്ട ജില്ല**

## എ.കെ.പി.സി.ടി.എ സ്ഥാനാർഥി വിജയിച്ചു.

പത്തനംതിട്ട കാത്തോലിക്കേററ് കോളജ് co-operative society ലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ AKPCTA സ്ഥാനാർഥിയായ പ്രൊഫ: റോഷ്നി ചെറിയാൻ വിജയിച്ചു.

## GOVERNMENT OF KERALA

### ABSTRACT

RULES-KERALA SERVICE RULES- LEAVE WITHOUT ALLOWANCES UNDER APPENDIX XIIA- EMPLOYEES TAKING LEAVE WITHOUT ALLOWANCES BEFORE COMPLETION OF PROBATION- FORFEITURE OF SENIORITY- CLARIFICATION- ORDERS ISSUED

### FINANCE ( RULES) DEPARTMENT

**G.O(p) No. 616/2003/Fin. Dated , Thiruvananthapuram, 19th November 2003.**

### ORDER

The ,Rules in Appendix XII A, Kerala service Rules Stipulate that those who avil of leave without allowances to take up employment elsewhere before completion of probation in the entry grade will, on return from leave, forfeit the service benefits accrued to them prior to their proceeding on leave and will be deemed as new entrants. Besides, they will be reduced to the lowest rank in the grade on rejoining duty. The implication of this clause is that such officers will be ranked junior most to all those who are appointed to the grade before their rejoining duty after leave. But as per Rule 27 (c) of the Kerala State and Subordinate service Rules, seniority of an officer in a grade will be determined by the date of first advice unless reduced to a lower rank as an act of punishment . Hence the rules inKSRs regarding reduction to the lowest rank in the grade are inconsistent with those in KS& SSRs.

The intention of Government in imposing the above disability of reduction to the lowest rank in the grade is only to forfeit their promotion chances till they become qualified after rejoining duty and not to take away their original seniority in the grade or to alter rejoining duty and not to take away their original seniority in the grade or to alter their seniority position vis-a-vis those appointed later and remaining as such in the same grade. In the circumstances, Government are pleased to order that the seniority of those who avail of Leave Without Allowances under Appendix XII A before completion of probation in a grade will be protected even though the benefits accrued prior to their proceeding on leave are forfeited and are treated as new entrants in the grade. They will lose promotion changes that may arise during the currency of leave and until the date of completion of successful probation after rejoining duty. Thereafter they will occupy the posion above those recruited after him and remaining in that grade.

These orders have no retrospective effect, but cases which remain open will be disposed of on the above basis. Cases already settled otherwise will not be re-opened on the basis of this order. These orders shall be applicable to cases covered by Appendix XII B/XII C also.

Necessary amendments to the Kerala Service Rules will be issued separately.

By order of the Governor,

**Sudha Pillai**

Principal Secretary(Finance)

## GOVERNMENT OF KERALA

### Abstract

Allowance - Dearness Allowance/ Dearness Relief to State Government Employees/ Pensioners with Effect from 1-7-2001 and 1-1-2002 -Revision- Orders Issued.

### FINANCE ( PAY RESEARCH UNIT ) DEPARTMENT

Read:- 1 G.O (p) No. 226/2003 Fin. dated 21-4-2003

2. O.M.F. No. 1(6)/2001-EII (B)/1983 dated 21-9-2001 from the Department of Expenditure, Ministry of Finance, Government of India.

3. O.M.F. NO. 1 (1) 2002 /EII (B)/237 dated 20-3-2002 from the Department of Expenditure, Ministry of Finance, Government of India.

### ORDER

Government are pleased to order that the rates of Dearness Allowance to Government Employees, Staff of Aided Schools, Private Colleges and Polytechnics, Full Time Employees borne on the contingent and work charged establishments and employees of Local Bodies will be revised with effect from 1-7-2001 and 1-1-2002 as shown below:

| *Date from which payable* | *Percentage increase of D.A per month* | *Revised D.A* |
|---|---|---|
| 1-7-2001 | 2% | 45%of pay |
| 1-1-2002 | 4% | 49% of pay |

2. The additional expenditure on this account in respect of Local Bodies will be met from their own funds.
3. The revised rates of D.A will be applicable to the part-time teachers and part-time contingent employees also on the basis of pay drawn by them.
4. In the case of public Sector Undertakings/Statutory Corporations where long term agreements exist by which the pre-revised scale plus D.A is agreed to the enhancement of D.A will be allowed with the approval of the Board of Directors subject to financial viability till a fresh agreement is executed
5. In the case of those who opt to remain in the pre-revised scale, even after 1-7-2001 and 1-1-2002 D.A will be sanctioned as given below:

| Date of effect | Pay Range | Rate of D.A. Per month |
|---|---|---|
| 1-7-2001 | Basic Pay upto Rs.3500 p.m. | 260% of pay |
| | Basic Pay above Rs.3500 upto Rs.6000 p.m. | 218% of pay subject to minimum of Rs.9100 |
| | Basic Pay above Rs.6000 | 200% of pay subject to minimum of Rs.13080 |
| 1-1-2002 | Basic Pay upto Rs.3500 p.m. | 270% of pay |
| | Basic Pay above Rs.3500 upto Rs.6000 p.m. | 228% of pay subject to minimum of Rs.9450 |
| | Basic Pay above Rs.6000 | 210% of pay subject to minimum of Rs.13680 |

6. The accounting and drawal of arrears of D.A will be regulated as follows:-

(1) The revised rates of D.A from 1-7-2001 and 1-1-2002 will be paid in cash h with the salary due for the month of January 2004. The arrears for the period from 1-7-2001 to 31-12-2003 will be drawn and credited to the P.F Account of the employees along with the salary bill for January 2004 to June 2004 in relaxation of Rule 176 ,Kerala Treasury Code.

(ii) In the case of those drawing pay above Rs. 3500 in the Pre-revision scale, the three instalments of D.A sanctioned with effect from 1-7-1991,1-1-1992 and 1-7-1992 and will continue to be credited to the Provident Fund Account , the percentage of which will be shown as below:

| | | |
|---|---|---|
| pay Rs. 3501 to Rs. 6000 | 24% of pay subject to a minimum of | Rs. 1120 |
| Pay above Rs. 6000 | 21% of pay subject to a minimum of | Rs. 1440 |

(iii) In their case, the amount of DA that can be drawn in cash by them from the salary of January 2004 will be 228% of pay subject to a minimum of 9450, 210% of Pay subject to a minimum of Rs. 13680 as the case may be minus the amount being credited to P.F.Account.

VIDE ANNEXURE

(i)The arrears due for the period from 1-7-2001 to 31-12-2003 will be claimed in the salary bill for January 2004 to June 2004 and credited to P.F. Account

(ii) Where the employee is not eligible to subscribe to any Provident fund before 31-12-2003 , the drawal of arrears of D.A . shall be deferred and as and when the provident Fund Account is opened, it shall be drawn and deposited in it.

(iii) For claiming the salary for the month of July 2004 , a certificate should be attached to the salary bill to the effect that " the arrears as per DA revision from 1-7-2001 to 31-12-2003 and 1-1-2002 to 31-12-2003 have been claimed and credited to the provident Fund Account of the employee".

(iv) The enhanced amount of DA to be drawn and credited monthly to Provident Fund Account by those drawing pay above Rs. 3500 per mensem may be shown separately in the Provident Fund Schedule and Certificate to that effect attached to the bill for each month as already ordered in G.O (p) No. 211/93/fin. dated 15-3-1993.

(v) Interest on the DA credited to the provident Fund Account will accrue from the first month in which the bills are presented in the Treasuries.

(vi) No withdrawal other than final withdrawal shall be made before the date specified below, from the arrears of DA credited to Provident Fund Account.

Date on which the amount will be permitted to be withdrawn

| | |
|---|---|
| Arrears for the period from 1-7-2001 to 31-12-2003 | 31-12-2008 Or Retirement whichever is earlier |
| Arrears for the period from 1-1-2002 to 31-12-2003 | 31-12 2008 Or Retirement whichever is earlier |

7. The procedure mentioned under clause (vi) above will be applicable " mutatismutandis" to Provident Fund other than General Provident Fund also. In regard to Contributory Provident Fund, however , there will be no matching contribution from the Government in respect of the arrears of DA.

8. In the bill as well as in the Provident Fund Schedule, the arrears of DA from 1-7-2001 to 31-12-2003 and 1-1-2002to 31-12-2003 may be credited to Provident Fund Account should be shown as a separate entry in the Provident Fund Schedule as shown below.

| Subscription proper | | Refund of Advance | | Arrears of DA Amount | | | |
|---|---|---|---|---|---|---|---|
| Amount | Month to which it relates | No of instalments | Amount | Month to which it relates | (i) From 1-7-2001 to 31-12-2003 | (ii) From 1-1-2002 to 31-12-2003 | Total |
| (6) | (7) | (8) | (9) | (10) | (11) | (12) | (13) 6+9+11/12 |

9 The Following categories of employees will be paid arrears of DA in cash:
(i) Those who have retired since 1-7-2001 and those who will be retiring on or before 31-12-2004
(ii) Those who have opted not to subscribe to the PF Account during the last one year of their service prior to retirement
(iii) Those , in whose cases , it is not obligatory to maintain P.F. Account.
(vi) Part-time teachers and part-time contingent employees.

**Dearness Relief to State Service Pensioners and Family Pensioners**

10. Governments are also pleased to revise the rates of Dearness Relief to State Service Pensioners and Family pensioners with effect from 1-7-2001 and 1-1-2002 as shown below:

| Date from which Payable | Percentage increase of Dearness Relief | Revised Dearness Relief payable |
|---|---|---|
| 1-7-2001 | 2% of Pension / Family Pension | 45% of pension/ Family pension |
| 1-1-2002 | 4% of pension Family Pension | 49% of pension/ Family Pension |

11.Pensioners /Family Pensioners including those governed by UGC/AICTE etc. whose pension has not undergone revision, as per G.O (p) No. 3001/98\Fin. dated 25/11/1998 and who are at present drawing Dearness Relief beyond 608 points will be sanctioned Dearness Relief as shown below:-

| Date of effect | Pension/Familypension per month | Rate of Dearness Relief per month |
|---|---|---|
| 1-7-2001 | Not exceeding Rs. 1750 | 260% pension /FamilyPension |
| | Exceeding Rs 1750 but not exceeding Rs. 3000 | 218% of pension/Family pension subject to minimum of Rs. 4550. |
| | Exceeding Rs. 3000 | 200% of Pension /Family Pension subject to minimum of RS. 6540. |
| 1-1-2002 | Not exceeding RS. 1750 | 270 Pension/Family Pension |
| | Exceeding Rs. 1750 but not exceeding Rs. 3000 | 228% of Pension/Family Pension subject to minimum of Rs. 4725. |

Exceeding RS. 3000210% of Pension /Family pension subject to minimum of Rs 6840

12. The revised Dearness Relief will be paid in cash with effect from January 2004 and the arrears of dearness Relief shall be paid in three equal instaments in Janary 2004 , April 2004, and July 2004.

13. Payment of Dearness Relief involving fraction of a Rupee shall be rounded off to the next higher rupee.

By order of the Governor

**Sudha Pillai**
Principal Secretary (Finance)

R.No. 36025/81
No. 182

KERALA PRIVATE COLLEGE TEACHER

Registered. No. KL/TV (N) 35/2003-2005
JANUARY 2004

# എ. കെ. പി. സി. ടി. എ
# 46-ാം സംസ്ഥാനസമ്മേളനം

## 2004 മാർച്ച് 12,13,14
## എറണാകുളം ടൗൺഹാളിൽ

പ്രതിനിധി സമ്മേളനം

ഉത്ഘാടന സമ്മേളനം

വിദ്യാഭ്യാസ – സാംസ്കാരിക
ട്രേഡ് യൂണിയൻ സമ്മേളനം

ആർ. ആർ. സി. അനുസ്മരണ പ്രഭാഷണം

പ്രകടനം · പൊതുസമ്മേളനം

ക്ഷേമനിധി വിതരണം

യാത്രയയപ്പ്സമ്മേളനം

**AKPCTA** *for* EQUITY & EXCELLENCE
CONSULTATION & CONSENSUS

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35, Phone: 463494,
Fax: 0471-468984, e-mail:akpcta@sancharnet.in, www.akpcta.org, at SB Press (P) Ltd. College Lane, Thiruvananthapuram-1. Phone: 2471904, Fax: 2478013, 2471904.
Typeset: Genial, Tvpm. Phone: 2325789, Chief Editor: S. Jayaraj Kumar